بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 19

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മെയ് 11/ ഹി.ശം 1402 ഹിജ്റത്ത് 11/ ഹി:ഖ 1444 ശവ്വാൽ 20


## അല്ലാഹുവിന്റെ വചനം

قَوۡلٌ مَّعۡرُوۡفٌ وَّمَغۡفِرَۃٌ خَیۡرٌ مِّنۡ صَدَقَۃٍ یَّتۡبَعُہَاۤ اَذًی ؕ وَاللّٰہُ غَنِیٌّ حَلِیۡمٌ ﴿۲۶۴﴾

'നല്ല വാക്കു പറയുന്നതും (തെറ്റുകുറ്റങ്ങൾ) മാപ്പു ചെയ്തു കൊടുക്കുന്നതും ഉപദ്രവവാക്കുകൾ പിന്തുടരുന്ന ദാനധർമത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാണ്.' (2:264)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

(2377)അനസ്(റ) നിവേദനം. ബഹ്റയ്നിലെ ഭൂമിയിൽനിന്ന് ഒരു ഭാഗം അവിടുത്തെ അൻസ്വാറിന് പതിച്ചുകൊടുക്കുവാൻ നബി(സ)തിരുമേനി ഉദ്ദേശിച്ചു. അപ്പോൾ അൻസ്വാർ പറഞ്ഞു: ഞങ്ങൾക്കു പതിച്ചുതരുന്നതുപോലെ ഞങ്ങളുടെ സഹോദരങ്ങളായ മുഹാജിറുകൾക്ക് അങ്ങ് പതിച്ചു കൊടുത്താലല്ലാതെ ഞങ്ങൾ സ്വീകരിക്കുകയില്ല. അവിടന്ന് പറഞ്ഞു: നിങ്ങൾക്കെതിരായുള്ള ചില സ്വാർഥപരമായ നീക്കങ്ങൾ എനിക്കുശേഷം നിങ്ങൾ കണ്ടേക്കും. ഞാനുമായി പരലോകത്തുവെച്ച് കണ്ടുമുട്ടുംവരേക്കും അതെല്ലാം നിങ്ങൾ ക്ഷമിച്ചുകൊള്ളുക.

അല്ലാഹു അൻസ്വാറിനെ കുറിച്ച് പറയുന്നു: **യുഹിബ്ബൂന മൻ ഹാജറ ഇലയ്ഹിം വലാ യജിദൂന ഫീ സ്വുദൂരിഹിം ഹാജത്തൻമ്മിമ്മാ ഊത്തൂ വ യുഅ്ഥിറൂന അലാ അൻഫുസിഹിം വലൗ കാന ബിഹിം ഖസ്വാസ്വത്തുൻ**(59:10)

അവർക്ക്(അഭയാർഥിൾക്ക്)മുമ്പേ വീടൊരുക്കിവെക്കുകയും സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തവർക്കുമുള്ളതാണ്(ആ ധനം). അവരുടെ അടുക്കൽ അഭയാർഥികളായി വന്നവരെ അവർ സ്നേഹിക്കുന്നു.അവർക്ക് നല്കപ്പെട്ടതിൽ അവർ ഒരു ആവശ്യവും തങ്ങളുടെ ഹൃദയങ്ങളിൽ കണ്ടെത്തുന്നില്ല. തങ്ങൾക്ക് ദാരിദ്ര്യം ഉണ്ടെങ്കിൽപോലും അവർ തങ്ങളെക്കാൾ (അഭയാർഥികൾക്ക്) മുൻഗണന കല്പിക്കുന്നു.(59:10)

ഹദ്റത്ത് സയ്യിദ് സയ്നുൽആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: ഉപര്യുക്ത ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നത് വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ള ലക്ഷണങ്ങൾ അൻസ്വാറിന്റെമേൽ പൂർണമായും സാക്ഷീകരിക്കപ്പെടുന്നുവെന്നാണ് (സ്വഹീഹുൽബുഖാരി, വാള്യം 4, കിതാബുൽമസ്ഖാത്ത്, പ്രസാധനം 2008 ഖാദിയാൻ)


ജുമുഅ ഖുത്വ്ബ 2023 ഏപ്രിൽ 7 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


**സത്യസന്ധനായ ഒരു മുസ്‌ലിമിന് കോപിക്കപ്പെട്ടവന്റേയോ വഴിപിഴച്ചവന്റേയോ കൂട്ടത്തിൽ കൂടാൻ പറ്റുകയില്ല. ആരുടെമേലാണോ അല്ലാഹുവിന്റെ കോപമുണ്ടായത് അവരാണ് മഗ്‌ളൂബ്. ളാല്ല് കൊണ്ടുള്ള ഉദ്ദേശ്യം ക്രിസ്ത്യാനികളാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"എല്ലാ സാഹിബുമാരും ഓർമവെക്കുക! അല്ലാഹു ഇസ്‌ലാമിൽ വലിയ സന്തോഷത്തിന്റെ ദിനമായി മനസ്സിലാക്കപ്പെടുന്ന ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. അതിൽ അല്ലാഹു വിസ്മയകരമായ ബർക്കത്തുകൾ വെച്ചിരിക്കുന്നു. ഈ ദിനങ്ങൾക്കു പുറമെ ഒരു ജുമുഅ ദിവസവുമുണ്ട്. ഈ ദിവസവും വലിയ അനുഗ്യഹീതമാണ്. അല്ലാഹു ഹദ്റത്ത് ആദമിനെ സൃഷ്ടിച്ചത് വെള്ളിയാഴ്ചയായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. ആ ദിവസം അദ്ദേഹത്തിന്റെ തൗബയും സ്വീകരിക്കപ്പെട്ടു. വേറെയും ഒരുപാട് അനുഗ്രഹങ്ങളും ഗുണങ്ങളും ആ ദിവസത്തിന്റെ ഫലമുളവാക്കുന്നതായിട്ടുണ്ട്. അപ്രകാരം ഇസ്‌ലാമിൽ രണ്ടു ഈദുകളുണ്ട്. ആ രണ്ടു ദിനങ്ങളും വലിയ സന്തോഷത്തിന്റെ ദിനങ്ങളായി അംഗീകരിക്കപ്പെടുന്നു. അവയിലും അത്ഭുതകരങ്ങളായ ബർക്കത്തുകൾ വെച്ചിരിക്കുന്നു. പക്ഷേ, ഓർമിക്കുക! ഈ ദിവസം നിസ്സംശയം അതാതിന്റെ സ്ഥാനത്ത് അനുഗ്യഹീതവും സന്തോഷവുമടങ്ങുന്ന ദിവസമാണ്. പക്ഷേ ഒരു ദിവസം അവയെക്കാളൊക്കെ ഉപരി അനുഗ്രഹത്തിന്റേയും സന്തോഷത്തിന്റേയും ദിവസമാണ്. എന്നാൽ, ഖേദകരമായി നോക്കപ്പെടുന്നത് ആളുകൾ ആ ദിവസത്തെ പ്രതീക്ഷിച്ചിരിക്കുകയോ അതിനെ അന്വേഷിക്കുകയോ ചെയ്യുന്നില്ലെന്നതാണ്. അതിന്റെ അനുഗ്രഹങ്ങളേയും ഗുണങ്ങളേയും കുറിച്ച് ആളുകൾ അറിഞ്ഞിരുന്നെങ്കിൽ അല്ലെങ്കിൽ അതിനെ വകവെച്ചിരുന്നെങ്കിൽ യഥാർഥത്തിൽ ആ ദിവസം അവർക്ക് അനുഗ്രഹത്തിന്റേയും സൗഭാഗ്യത്തിന്റേയും ദിവസമായി സ്ഥാപിതമാകുമായിരുന്നു. ആളുകൾ അതിനെ ഗനീമത്തായി മനസ്സിലാക്കുമായിരുന്നു. ജുമുഅയെക്കാളും പെരുന്നാളുകളെക്കാളും ഉദാത്തവും അനുഗ്രഹവുമായ ആ ദിവസം ഏതാണ്? ഞാൻ നിങ്ങൾക്ക് പറഞ്ഞു തരികയാണ്, ആ ദിവസം തൗബ ചെയ്ത് മടങ്ങുന്ന ദിവസമാണ്. അത് ഇവയെക്കാളെല്ലാം ഉത്തമമാണ്. എല്ലാ പെരുന്നാളുകളെക്കാളും ശ്രേഷ്ഠകരമാണ്. എന്തുകൊണ്ട്? ആ ദിവസമാണ് മനുഷ്യനെ നരകത്തിന്റെ അടുത്ത് കൊണ്ടുപോയിക്കൊണ്ടിരിക്കുകയും ഉള്ളിന്റെയുള്ളിൽ അവനെ ദൈവകോപത്തിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തുകൊണ്ടിരുന്ന ആ ദുഷ്കർമങ്ങളുടെ കർമപുസ്തകം കഴുകപ്പെടുന്നത്. അവന്റെ പാപം പൊറുക്കപ്പെടുകയും ചെയ്യുന്നു. യഥാർഥത്തിൽ അതിനെക്കാളുപരിയായി മനുഷ്യന് മറ്റെന്ത് സന്തോഷവും


(ശേഷം പേജ് 9 ൽ)


**നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്. അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല.**

**ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തിടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരണം കൂടാതെ കരസ്ഥമാകുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "മറ്റുള്ളതിനുശേഷം പറയാനുള്ളത് അവർ(അതായത് ആദരണീയരായ സ്വഹാബ(റ)) മരണത്തെ സ്വീകരിച്ചു. തങ്ങളുടെ എല്ലാ വിജയവും മരണത്തിൽത്തന്നെയാണെന്ന് മനസ്സിലാക്കി. ഇക്കാര്യം കാരണത്താലാണ് അവർ കുറഞ്ഞ കാലംകൊണ്ട് മുഴുലോകത്തേയും ജയിച്ചടക്കിയത്. എത്ര പ്രൗഢിയോടെ ജയിച്ചടക്കിയെന്നാൽ അതിനുദാഹരണം മുമ്പേ കടന്നുകഴിഞ്ഞ ഒരു ജനതയിലും ലഭിക്കുന്നില്ല. പിന്നീട് നോക്കുക, വിപത്തുകളുടെ ഈ പരമ്പര വേഗം അവസാനിച്ചില്ല. പ്രത്യുത ഒരു ദീർഘകാലംവരെ നീണ്ടുനിന്നു. ഖിലാഫത്ത് സ്ഥാപിതമായപ്പോൾ ഹദ്റത്ത് ഉമർ ശഹീദായി. ഹദ്റത്ത് ഉഥ്മാൻ ശഹീദായി. ഹദ്റത്ത് അലി ശഹീദായി. കർബല മൈതാനിയിൽ നബി(സ)തിരുമേനിയുടെ ഏകദേശം മുഴുവൻ കുടുംബവും ശഹീദായി. ചിലയാളുകൾ അബദ്ധത്തിൽ മനസ്സിലാക്കുന്നത് പരീക്ഷണം ആരംഭകാലത്തുമാത്രമാണ് വരുന്നതെന്നാണ്; അഭിവ്യദ്ധിയുടെ കാലത്ത് പരീക്ഷണങ്ങളുടെ പരമ്പര അടഞ്ഞുപോകുമത്രെ! എന്നാൽ, ഇതു ശരിയല്ല. നബിമാരുടെ ജമാഅത്തുകളുടെ അഭിവ്യദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്. അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല. ഏറ്റവും ആദ്യത്തെ കാലഘട്ടത്തിൽപ്പോലും പരീക്ഷണം വരുന്നു. അഭിവ്യദ്ധിയുടെ പാരമ്യത്തിന്റെ കാലത്തും പരീക്ഷണം വരുന്നു. ഇപ്രകാരം ആരംഭംമുതൽ അവസാനംവരെ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടുപോകുന്നു. ഒന്നോ രണ്ടോ വ്യക്തികൾ മാത്രം വിശ്വസിക്കുന്ന നേരത്തും പരീക്ഷണങ്ങൾ വരുന്നു. പാരമ്യതയുടെ ഉന്നതമായ നേരത്ത് ജമാഅത്തിന് വിജയത്തിനുമേൽ വിജയം കരസ്ഥമായിക്കൊണ്ടിരിക്കുന്ന നേരത്തും പരീക്ഷണമുണ്ടാകുന്നു. നബി(സ)തിരുമേനിക്ക് ആദ്യകാലത്തും വിപത്തുകളിലൂടേയും ബുദ്ധിമുട്ടുകളിലൂടേയും കഴിഞ്ഞുപോകേണ്ടി വന്നിട്ടുണ്ട്. നബി(സ)തിരുമേനിക്കും ആ മഹാത്മാവിനെ വിശ്വസിച്ചവർക്കും വിവിധ തരത്തിലുള്ള പരീക്ഷണം വന്നിട്ടുണ്ട്. അതിനുശേഷം അഭിവ്യദ്ധികളുടെ കാലഘട്ടം വന്നപ്പോഴും ആ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടിരുന്നു. ഇപ്പോൾ എല്ലാ പരീക്ഷണങ്ങളേയും അതിജയിച്ചിരിക്കുന്നുവെന്നും മുസ്‌ലിമീങ്ങളുടെ അഭിവൃദ്ധിയുമായി ബന്ധപ്പെട്ടിരുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നുമുള്ള വിചാരത്തോടെ നബി(സ)തിരുമേനി തന്റെ ജീവിതത്തിൽ ഏതെങ്കിലും ദിവസം ഉറങ്ങിയതായ ഒരു ദിവസവുമുണ്ടായിട്ടില്ല. ഹദ്റത്ത് അബൂബക്റും ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. ഹദ്റത്ത് ഉമറും ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. ഹദ്റത്ത് ഉഥ്മാനും ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. നമ്മുടെ


(ശേഷം പേജ് 9 ൽ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലാഹു നബി (സ)തിരുമേനിയുടെമേൽ ദീനും ശരീഅത്തും പൂർണമാക്കുകയും തികവുറ്റതാക്കുകയും ചെയ്തപ്പോൾ വിശുദ്ധ ഖുർആനിൽ ഈ വിളംബരെ ചെയ്തു:

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

ഇപ്പോൾ അവസാനമതം അല്ലാഹു ഇഷ്ടപ്പെട്ട മതമായ ഇസ്‌ലാം മാത്രമാണ്; ഈ വാദം ഇസ്‌ലാമിന്റേതു മാത്രമാകുന്നു, മറ്റേതെങ്കിലും മതങ്ങളുടേതല്ല.

**അല്ലാഹു ഇങ്ങനെ വിളംബരപ്പെടുത്തുന്നു: ഖുർആനിക അധ്യാപനങ്ങൾ മാത്രമാണ് ഇനി മനുഷ്യന്റെ ധാർമികവും ആത്മീയവുമായ പുരോഗതിക്കുള്ള ഏക മാർഗം.**

മനുഷ്യനു ആവശ്യമുള്ളതെല്ലാം എല്ലാ തലത്തിലും പൂർത്തീകരിക്കുന്നത് വിശുദ്ധ ഖുർആൻ മാത്രമാകുന്നു. അവന്റെ ഒരാവശ്യവും വിശുദ്ധ ഖുർആൻ വലയം ചെയ്യാതിരുന്നിട്ടില്ല.

**നബി(സ)തിരുമേനിയുടെ ആഗമനോദ്ദേശ്യം പൂർത്തിയായതായി ഇതിൽനിന്ന് തെളിയുന്നു. നബി(സ)തിരുമേനി മാത്രമാണ് സമ്പൂർണനും അവസാന പ്രവാചകനും. ആ മഹാത്മാവിനുമേലാണ് ഇത്രയും പൂർണമായ ശരീഅത്ത് ഇറങ്ങിയത്. ഇതാണ് നമ്മുടെ ആദർശം. അതിലാണ് നമ്മുടെ വിശ്വാസവും.**

നമ്മൾ ഈ ഉദ്ദേശ്യത്തെ മുന്നിൽ വെക്കുമ്പോൾ മാത്രമേ നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുകയുള്ളു. അതിനുവേണ്ടി വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും ഇപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള ഏറ്റവും നല്ല മാർഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും പാഠങ്ങളും ആകുന്നു.

നമ്മളിൽ ഓരോരുത്തരും ഈ റമളാനിൽ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാമെന്ന് ഉറച്ച തീരുമാനമെടുക്കുകയാണെങ്കിൽ നമുക്ക് ആത്മീയമായ പുരോഗതി ഉണ്ടാകും. അവിടെ നമ്മുടെ സമൂഹവും ഒരു സ്വർഗീയ സമൂഹമായി മാറും. വിവിധ സന്ദർഭങ്ങളിലുണ്ടാകുന്ന വിവിധ കുടുംബ വഴക്കുകളും വക്കാണങ്ങളും സ്നേഹത്തിലേക്ക് മാറുന്നതാണ്.

വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽ ഇങ്ങനെ ഒരു പ്രത്യേകതയമുണ്ട്, അതായത് എക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന തിന്മകൾക്കുള്ള പ്രധിവിധിയും ആ അധ്യാപനത്തിൽനിന്ന് ലഭിക്കുന്നു. അത് മുഫസ്സിരീങ്ങളും അല്ലാഹുവിന്റെ പരിശുദ്ധരായ ദാസരും മുഖേന നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുന്നു.

**വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവർ തന്നെയാണ് അസാധാരണമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവർ.**

വിശുദ്ധ ഖുർആൻ അത്ഭുതമാകുന്നു. അതിന് തത്തുല്യമായത് ജിന്നിനും ഇൻസിനും കൊണ്ടുവരാൻ കഴിയില്ല. അതിൽ അഭൗമികമായ ജ്ഞാനങ്ങളും മേന്മകളും സമ്മേളിപ്പിച്ചിരിക്കുന്നു. അതിനെ മനുഷ്യന്റെ അറിവ്കൊണ്ട് സ്വരുക്കൂട്ടാൻ സാധ്യമല്ല.

**വിശുദ്ധഖുർആൻ ഞെരുക്കമുള്ളവർക്ക് സത്യസാക്ഷ്യങ്ങൾ നൽകുന്നു. എല്ലാ ഞെരുക്കങ്ങളും ഇല്ലാതാക്കുന്നു. മാത്രമല്ല ആത്മാർഥതയുള്ളവർക്ക് സ്വർണനാണയങ്ങളും നൽകുന്നു.(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് ഖുർആനിക ദിവ്യജ്ഞാനങ്ങൾ നമ്മളിലേക്കെത്തിയത്. അദ്ദേഹം ഖുർആനിനെ പരിപൂർണമായും പിൻപറ്റുകയും നമുക്ക് ഖുർആനിന്റെ അഭൗമിക ജ്ഞാനങ്ങൾ നൽകുകയും ചെയ്തു.

ഇവർ തങ്ങളുടെ ശാഠ്യം നിമിത്തം പിന്മാറുന്നില്ല. അല്ലാഹു അവരെ പിടികൂടാതെ വിടുന്നതുമല്ല. അവരെ എങ്ങനെ പിടിക്കണമെന്നും ചോദ്യം ചെയ്യണമെന്നും അല്ലാഹുവിന് മാത്രമേ നന്നായി അറിയുകയുള്ളു.

“ഇന്ന് ഭൂമുഖത്ത് ദൈവികഗ്രന്ഥങ്ങളിൽ പരിശുദ്ധ ഫുർഖാൻ മാത്രമാണ് ദൈവവാക്യങ്ങളെന്ന് ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.”

അല്ലാഹു നമുക്ക് വിശുദ്ധഖുർആനിനെ ശരിയായ രീതിയിൽ പ്രാവർത്തികമാക്കാനും അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാനും അതിനെ മനസ്സിലാക്കാനും നമ്മുടെ ജീവിതങ്ങൾ അതനുസരിച്ച് വാർത്തെടുക്കാനും സൗഭാഗ്യം നൽകുമാറാകട്ടെ.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനഭരിതമായ ഉപദേശങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആൻ സമ്പൂർണവും തികവുറ്റതുമാണെന്നുള്ള വിവരണം.**

ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും ലോകത്തിന്റെ മൊത്തത്തിലുള്ള അവസ്ഥയ്ക്കും ഫലസ്തീൻ മുസ്‌ലിമീങ്ങൾക്കുംവേണ്ടി അനുഗൃഹീത റമളാനിൽ ദുആയ്ക്കുള്ള ആഹ്വാനം.

**ഖുത്ബ ജുമുഅ 2023 ഏപ്രിൽ 7/1402 ശഹാദത്ത് 7**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ, യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു നബി(സ)തിരുമേനിയുടെമേൽ ദീനും ശരീഅത്തും പൂർണമാക്കുകയും തികവുറ്റതാക്കുകയും ചെയ്തപ്പോൾ വിശുദ്ധ ഖുർആനിൽ ഈ വിളംബരം ചെയ്തു: **അൽയൗമ അക്മൽത്തു ലക്കും ദീനക്കും അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽ ഇസ്‌ലാമ ദീനാ**(5:4) ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങളുടെമേൽ, അവർക്കുവേണ്ടി സമ്പൂർണവും തികവുറ്റതുമായ ഒരു ഗ്രന്ഥം ഇറക്കി എന്നത് അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാകുന്നു. ഇപ്പോൾ അവസാന മതം അല്ലാഹു ഇഷ്ടപ്പെട്ട മതമായ ഇസ്‌ലാം മാത്രമാണെന്നതും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുന്നുവെങ്കിൽ ഇസ്‌ലാം സ്വീകരിക്കാതെ, അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാതെ മറ്റൊരു രക്ഷയുമില്ലെന്നതും ഇസ്‌ലാമിന്റെ മാത്രം വാദമാകുന്നു, മറ്റേതെങ്കിലും മതങ്ങളുടേതല്ല.

അല്ലാഹു ഇങ്ങനെ വിളംബരപ്പെടുത്തുന്നു: ഖുർആനിക അധ്യാപനങ്ങൾ മാത്രമാണ് ഇനി മനുഷ്യന്റെ ധാർമികവും ആത്മീയവുമായ പുരോഗതിക്കുള്ള ഏക മാർഗം. മാത്രമല്ല ഈ

അധ്യാപനം എത്രമാത്രം സമ്പൂർണമാണെന്നാൽ ഭൗതിക പുരോഗതിയുടെ മാർഗങ്ങൾക്കും ഈ അധ്യാപനം മതിയാകുന്നതാണ്. അത് അതിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്. ചുരുക്കത്തിൽ അല്ലാഹു ഈ അധ്യാപനത്തെ കുറിച്ച് 'അക്മൽത്തു' എന്ന് വിളംബരപ്പെടുത്തിയതിന്റെ അർഥം മനുഷ്യന്റെ എല്ലാ കഴിവുകളും അത് ധാർമികമാണെങ്കിലും ആത്മീയമാണെങ്കിലും ഭൗതികമാണെങ്കിലും അവ വിശുദ്ധ ഖുർആനനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ലഭ്യമാകുക. അതിന്റെ പരിപൂർണമായ അധ്യാപനങ്ങൾ വിശുദ്ധ ഖുർആൻ മുഖേന മാത്രമേ ലഭ്യമാകുകയുള്ളു. അതിൽ ശരിയായ രീതിയിൽ പ്രവർത്തന നിരതമാകണമെങ്കിൽ 'അത്മംതു' എന്ന് പറഞ്ഞുകൊണ്ട് വിളംബരപ്പെടുത്തുന്നു, വളരെ ശക്തിയുക്തം പറയുന്നു. മനുഷ്യനു ആവശ്യമുള്ളതെല്ലാം എല്ലാ തലത്തിലും പൂർത്തീകരിക്കുന്നത് വിശുദ്ധ ഖുർആൻ മാത്രമാകുന്നു. അവന്റെ ഒരാവശ്യവും വിശുദ്ധ ഖുർആൻ വലയം ചെയ്യാതിരുന്നിട്ടില്ല. അത് മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളാണെങ്കിലും ആത്മീയവും ധാർമികവുമായ നിലവാരങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ആവശ്യങ്ങളും മാർഗങ്ങളുമാണെങ്കിലും ശരി. നീതിപൂർവം നോക്കുകയാണെങ്കിൽ അയാൾക്ക് എല്ലാ അധ്യാപനങ്ങളും ഖുർആനിൽ കാണാൻ കഴിയുന്നതാണ്. ചുരുക്കത്തിൽ ഈ ആയത്തിനോടൊപ്പം ഇങ്ങനെ വിളംബരപ്പെടുത്തുന്നു, ഇനി മനുഷ്യന്റെ നിലനിൽപ്പ് ഇതിന്റെ അധ്യാപനവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ഈ അധ്യാപനം എല്ലാ കാലത്തും മുഴുവൻ ലോകത്തുമുള്ള മനുഷ്യനു വേണ്ടിയുള്ളതാണ്. വിശുദ്ധ ഖുർആനുമുമ്പേ ഇറങ്ങിയ എല്ലാ അധ്യാപനങ്ങളും വിവിധ പ്രവാചകന്മാർക്ക് സമയാധിഷ്ഠിതവും കാലാധിഷ്ഠിതവുമായി ഇറങ്ങിയവയാണ്. മുഴുവൻ മനുഷ്യകുലത്തിനുംവേണ്ടി ഇറങ്ങിയവല്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന്റെ വിശദീകരണത്തിൽ ഇങ്ങനെയും വിളംബരപ്പെടുത്തുന്നു. നബി(സ)തിരുമേനിയുടെ ആഗമനോദ്ദേശ്യം പൂർത്തിയായതായി ഇതിൽനിന്ന് തെളിയുന്നു. നബി(സ)തിരുമേനി മാത്രമാണ് സമ്പൂർണനും അവസാന പ്രവാചകനും. ആ മഹാത്മാവിനുമേലാണ് ഇത്രയും പൂർണമായ ശരീഅത്ത് ഇറങ്ങിയത്. ഇതാണ് നമ്മുടെ ആദർശം. അതിലാണ് നമ്മുടെ വിശ്വാസവും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ ആക്ഷേപം ഉന്നയിക്കുന്നവർ ചോദിക്കുന്നു, ഈ ആദർശമാണെങ്കിൽ വിശുദ്ധ ഖുർആൻ അവസാനത്തെ ശരീഅത്തും നബി(സ)തിരുമേനി അവസാനത്തെ പ്രവാചകനുമാണെന്ന് അംഗീകരിക്കുന്നുവെങ്കിൽ, പിന്നെ അദ്ദേഹത്തിന്റെ വാദങ്ങൾക്കെന്ത് പ്രസക്തിയാണുള്ളത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)നു പിന്നെ എന്ത് വാദമാണുള്ളത്? അദ്ദേഹം ഈ കാലഘട്ടത്തിൽ വരേണ്ട ആവശ്യമെന്തായിരുന്നു? ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനുള്ള മറുപടി ഒരു സ്ഥലത്ത് ഇങ്ങനെ നൽകുന്നു: വിവിധ മറുപടികളുണ്ട്. നിങ്ങൾ ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അത് ശരിയായിരുന്നു. ഞാൻ വരേണ്ട ഒരാവശ്യവുമില്ലായിരുന്നു. എന്നാൽ, കാലഘട്ടത്തിന്റെ പൊതുവായ അവസ്ഥയും പ്രത്യേകിച്ചും മുസ്‌ലിമീങ്ങളുടെ അവസ്ഥ വിളിച്ചു പറയുന്നത് ഇവിടെ ഒരു അധ്യാപകന്റെ ആവശ്യമുണ്ടെന്നാണ്.

മാത്രമല്ല ഈ അധ്യാപനം മറന്നുപോകും എന്നതിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറയുകയും അതിന്റെ പരിഷ്കരണത്തിന് എല്ലാ നൂറ്റാണ്ടിന്റെയും തലയ്ക്കൽ മുജദ്ദിദ് വരുമെന്ന് പറഞ്ഞിട്ടും ഉണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ വിശുദ്ധഖുർആൻ സമ്പൂർണ അധ്യാപനമായിരുന്നിട്ടുകൂടി അതിന്റെ പാഠങ്ങൾ മറക്കുമെന്നും പുതിയ അനാചാരങ്ങളുണ്ടാകുമെന്നും അതുകൊണ്ട് ദീനിന്റെ പുനരുജ്ജീവനത്തിന് മുജദ്ദിദുമാർ വരുമെന്നും അവസാന കാലഘട്ടത്തിൽ വാഗ്ദത്ത മഹ്ദി മസീഹ് വരികയും ദീനിനെ സുറയ്യനക്ഷത്രത്തിൽ നിന്ന് ഭൂമിയിൽ കൊണ്ടുവരുമെന്നും പ്രവചിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും രചനകളിലും സാഹിത്യങ്ങളിലും എല്ലാ സ്ഥലത്തും പറയുന്നു, 'ഞാൻ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ നബി(സ)തിരുമേനിയുടെ ശരീഅത്തും ദീനും വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളും ലോകത്ത് പ്രചരിപ്പിക്കുന്നതിനാണ് വന്നിട്ടുള്ളത്. നബി(സ) തിരുമേനി മുഖേന ദീൻ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. അതിനെയും അതിന്റെ അധ്യാപനങ്ങളെയും ലോകത്തിന്റെ കോണുകളോളം എത്തിക്കാനാണ് ഞാൻ വന്നിട്ടുള്ളത്. അധ്യാപനങ്ങളുടെ പൂർത്തീകരണം നബി(സ)തിരുമേനിക്ക് വിശുദ്ധഖുർആൻ അവതരിച്ചപ്പോൾത്തന്നെ ആയിക്കഴിഞ്ഞിരിക്കുന്നു. ആ കാലഘട്ടത്തിൽ സന്മാർഗവും അധ്യാപനങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള വഴികളില്ലായിരുന്നു. അതുകൊണ്ട് അതിന്റെ പ്രചാരണത്തിന് ഇക്കാലഘട്ടത്തിൽ തന്റെ വാഗ്ദാനം അനുസരിച്ച് അല്ലാഹു നബി(സ)തിരുമേനിയുടെ സത്യദാസനെ അയച്ചിരിക്കുന്നു. ഈ പ്രവർത്തനങ്ങൾത്തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നിറവേറ്റിയത്. അത് തുടർന്ന് കൊണ്ടുപോകുന്നതിനാണ് അഹ്മദിയ്യ ജമാഅത്ത് സ്ഥാപിതമായിട്ടുള്ളത്. ഈ പ്രവർത്തനംതന്നെയാണ് അഹ്മദിയ്യ ജമാഅത്ത് അദ്ദേഹം നൽകിയ സാഹിത്യങ്ങളും അദ്ദേഹം വിവരിച്ച ഖുർആൻ തഫ്സീറുകളും മുഖേന ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനം തങ്ങൾ എത്രമാത്രം ചെയ്യുന്നുവെന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടിയിരിക്കുന്നു. പൊതുവായ രീതിയിൽ ഒരു പ്രോഗ്രാമുണ്ട്. അത് നടക്കുന്നതുമുണ്ട്. എന്നാൽ, വ്യക്തിപരമായ രീതിയിലും അതുണ്ടാകണം.

അതുകൊണ്ട് നമ്മൾ ഈ ഉദ്ദേശ്യത്തെ മുന്നിൽ വെക്കുമ്പോൾ മാത്രമേ നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുകയുള്ളു. അതിനുവേണ്ടി വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും ഇപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള ഏറ്റവും നല്ല മാർഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും പാഠങ്ങളും ആകുന്നു.

വിശുദ്ധ ഖുർആനിന്റെ മനോഹാരിതയെയും ശ്രേഷ്ഠതകളെയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞാൻ കുറച്ചുകാലമായി വിവരിച്ചു കൊണ്ടിരിക്കുന്നു. ഇന്നും ഖുർആനിന്റെ സമ്പൂർത്തീകരണത്തെ കുറിച്ച് ആ മഹാത്മാവിന്റെ പാഠങ്ങളും അധ്യാപനങ്ങളും സമർപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആൻ ദീനിനെ സമ്പൂർത്തീകരിക്കുന്ന കടമ നിർവഹിച്ചു എന്ന കാര്യം സ്ഥാപിതമാണ്. അത് പറയുന്നു: *അൽയൗമ അക്മൽത്തു ലക്കും ദീനക്കും അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽഇസ്‌ലാമ ദീനാ*(5:4) അതായത് ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ആയതിനാൽ വിശുദ്ധ ഖുർആനുശേഷം മറ്റൊരു ഗ്രന്ഥത്തിനും ചുവട് വെക്കാൻ സ്ഥലമില്ല. കാരണം മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും വിശുദ്ധ ഖുർആൻ വിവരിച്ചിരിക്കുന്നു. ഇനി ദൈവ ഭാഷണത്തിന്റെ കവാടം മാത്രമേ തുറന്നു കിടക്കുന്നുള്ളൂ അതേ, അല്ലാഹു തന്റെ പ്രത്യേക ദാസന്മാരോട് സംസാരിക്കുന്ന കവാടം തുറന്നിരിക്കുന്നു. പുതിയ ഒരു അധ്യാപനവും ഇനിയില്ല. അതും സ്വയം തുറന്നതല്ല. പ്രത്യുത പറയുന്നു: സത്യസന്ധവും പരിശുദ്ധവുമായ വെളിപാടുകൾ അതായത് വ്യക്തവും കൃത്യവുമായ രീതിയിൽ ദൈവിക സഹായത്തിന്റെ നിറമുള്ളവയും നിരവധി അദൃശ്യകാര്യങ്ങൾ ഉൾക്കൊള്ളുന്നവയുമായ ദിവ്യവാണികൾ വിശുദ്ധ ഖുർആനിനെ പിൻപറ്റുകയും നബി(സ)തിരുമേനിയെ അനുഗമിക്കുകയും ചെയ്യുമ്പോൾ ലഭ്യമാകുന്ന മാനസിക പരിശുദ്ധിക്ക് ശേഷമാണു കിട്ടുക. വിശുദ്ധ ഖുർആൻ പരിപൂർണ ഗ്രന്ഥമാകുന്നു. അതുകൊണ്ട് അതിനെ പിൻപറ്റുകയും നബി(സ)തിരുമേനിയെ ശരിയായ രീതിയിൽ പിന്തുടരുകയും ചെയ്യുമ്പോൾ അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ വഴികൾ തുറക്കപ്പെടുന്നു. ഇതല്ലാതെ മറ്റൊരു വഴിയുമില്ല. ആ മഹാത്മാവിനും ഈ സ്ഥാനമാണ് ലഭ്യമായത്. അദ്ദേഹം പറയുന്നു: "എനിക്കും ഈ കാരണം കൊണ്ടാണ് ഇത് കിട്ടിയത്."

വിശുദ്ധ ഖുർആൻ സമ്പൂർണ സന്മാർഗമാണെന്നു പറഞ്ഞുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് വിശദീകരിക്കുന്നു. വിശുദ്ധ ഖുർആൻ, മനുഷ്യൻ കേവലം ദ്രോഹങ്ങളിൽനിന്ന് വിട്ടുനിന്നുകൊണ്ട് താൻ സമ്പൂർണനാണെന്ന് മനസ്സിലാക്കണമെന്ന് മാത്രമല്ല ആഗ്രഹിക്കുന്നത്. തിന്മകൾ ഒഴിവാക്കിയാൽ സമ്പൂർണത കിട്ടുമെന്നല്ല പറയുന്നത്. പ്രത്യുത അത് മനുഷ്യനെ ഉന്നത പദവിയിലുള്ള തികവുകളിലും ഉന്നതസ്വാഭാവങ്ങളിലും എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. വിശുദ്ധ ഖുർആൻ കേവലം തിന്മകളെ ഒഴിവാക്കാൻ മാത്രമല്ല പറയുന്നത്. മറിച്ച് മനുഷ്യനിൽ ഉന്നതസ്ഥാനീയമായ തികവുകളും ഉന്നതസ്വഭാവങ്ങളും ഉണ്ടാകണമെന്നും ആഗ്രഹിക്കുന്നു. അതായത് തിന്മകൾ ഒഴിവാക്കുകയും പിന്നെ അതിന്റെ സ്ഥാനത്ത് ഉന്നത ധാർമിക സ്വഭാവങ്ങൾ കരസ്ഥമാക്കുകയും വേണം. അതായത് അയാളിൽനിന്ന് ഉണ്ടാകുന്ന കർമങ്ങളും ചെയ്തികളും മനുഷ്യകുലത്തിന്റെ നന്മയിലും സഹതാപത്തിലും അധിഷ്ഠിതമായിരിക്കണം. അവയുടെ ആത്യന്തിക ഫലം അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം."(മൽഫൂദാത്ത് വാള്യം7, പേജ് 270, 1984 പതിപ്പ്) അല്ലാഹുവിന്റെ തൃപ്തിപ്പെടലായിരിക്കണം അതിന്റെ ഫലം.

ഈ ചിന്താഗതിയാണ് വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് നമ്മളിൽ ഉണ്ടാകേണ്ടത്. ഈ ചിന്താഗതി നമ്മളിലുണ്ടോ എന്ന് ആത്മപരിശോധന നടത്തുക. കേവലം പാരായണം ചെയ്യുന്നുവെന്ന് മറ്റുള്ളവരെപോലെ വാദം ഉന്നയിക്കുക മാത്രമല്ല, ശരിയായ രീതിയിൽ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് നോക്കേണ്ടതാണ്. അതായത് അല്ലാഹുവുമായി നമുക്ക് പ്രത്യേക ബന്ധം ഉണ്ടാകുന്നുണ്ടോ? റമളാനിലും ഖുർആൻ ഓതുകയും ദർസ് കേൾക്കുകയും ചെയ്യുന്നു. അതെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതും അനിവാര്യമാണ്. നാം നമ്മുടെ ബയ്അത്തിന്റെ ഉടമ്പടിയിൽ ഇങ്ങനെയും പ്രതിജ്ഞ ചെയ്തവരാണ്. പത്ത് നിബന്ധനകളുണ്ട്. അതിൽ ഇങ്ങനെ രേഖപ്പെട്ടു

കിടക്കുന്നു. “വിശുദ്ധ ഖുർആനിന്റെ എല്ലാ ആജ്ഞകൾക്കും പൂർണമായി വിധേയനായിരിക്കുന്നതാണ്.”(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 564)

ചുരുക്കത്തിൽ നമ്മളിൽ ഓരോരുത്തരും ഈ റമളാനിൽ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാമെന്ന് ഉറച്ച തീരുമാനമെടുക്കുകയാണെങ്കിൽ നമുക്ക് ആത്മീയമായ പുരോഗതി ഉണ്ടാകും. അവിടെ നമ്മുടെ സമൂഹവും ഒരു സ്വർഗീയ സമൂഹമായി മാറും. വിവിധ സന്ദർഭങ്ങളിലുണ്ടാകുന്ന വിവിധ കുടുംബ വഴക്കുകകളും വക്കാണങ്ങളും സ്നേഹത്തിലേക്ക് മാറുന്നതാണ്.

ദൈവിക ന്യായപ്രമാണത്തിന്റെ ബീജം വിശുദ്ധ ഖുർആനിന്റെ കാലഘട്ടത്തിൽ അതിന്റെ പരിപൂർത്തിയിൽ എത്തിയെന്നതിനെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: “വിശുദ്ധ ഖുർആൻ നന്മ ഉപദേശിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലുംസമ്പൂർണമാകുന്നു. അതായത് ചെയ്യേണ്ട കാര്യങ്ങളിലേക്ക് വഴി നടത്തുന്നതിലും നിരോധിച്ച കാര്യങ്ങൾ പറയുന്ന കാര്യത്തിലും പൂർണമാകുന്നു. എന്ത് ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും പൂർണമായും പറഞ്ഞു തരുന്നു. അല്ലാഹു ഇതിലൂടെ ലക്ഷ്യം വെക്കുന്നത് മനുഷ്യന്റെ പ്രകൃതത്തിൽ അങ്ങേയറ്റം വ്യതിചലനത്തിന് സാധ്യമായവയേയും വഴികേടിന്റേയും ദുഷ്കർമത്തിന്റേയും രംഗത്ത് മുന്നോട്ട് നീങ്ങാൻ സാധ്യതയുള്ളവയേയും എല്ലാ തിന്മകളേയും വിശുദ്ധ ഖുർആൻ മുഖേന മാറ്റുക എന്നതാണ്. അതുകൊണ്ടാണ് മനുഷ്യകുലം എല്ലാ തിന്മയിലും അകപ്പെട്ട കാലത്ത് വിശുദ്ധ ഖുർആൻ അവതരിച്ചത്. പതിയെപ്പതിയെ മനുഷ്യന്റെ അവസ്ഥകൾ എല്ലാതരം മോശമായ വിശ്വാസങ്ങളും കർമങ്ങളുംകൊണ്ട് മലീമസമായി കഴിഞ്ഞിട്ടുണ്ടായിരുന്നു. അത്തരം സമയത്ത് അല്ലാഹുവിന്റെ സമ്പൂർണമായ വചനങ്ങൾ ഇറങ്ങാനും ദൈവിക യുക്തി ആവശ്യപെടുന്നുണ്ടായിരുന്നു. കാരണം തിന്മകളുണ്ടാകുന്നതിനുമുമ്പേ ജനങ്ങൾക്ക് കുറ്റങ്ങളേയും മോശമായ വിശ്വാസങ്ങളെയും കുറിച്ച്, അവയെ കുറിച്ച് അറിവുപോലും ഇല്ലാത്ത സമയത്ത് അറിയിപ്പ് നൽകുന്നത് തിന്മകളിലേക്ക് സ്വയം പ്രേരിപ്പിക്കുന്നതുപോലെ ആകുമായിരുന്നു. ഇന്നതാണ് തിന്മ അതിനെ കുറിച്ച് അറിവ് ഇല്ലാത്തവർക്ക് അതിന്റെ ചിത്രംപോലും അറിയാത്തവർക്ക് നേരത്തെ തന്നെ പറഞ്ഞു കൊടുക്കുന്നത് തിന്മ പരത്തുന്നതുപോലെ തന്നെയാണ്. ഇന്ന് നമുക്ക് ഇതെല്ലം കാണാനും കഴിയുന്നുണ്ട്. വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ കുട്ടികളുടെ ചിന്തയിൽപോലും വരാത്ത ശാരീരിക ബന്ധങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുന്നു. അതിലവർ അത്ഭുതപ്പെടുന്നു. കുട്ടികൾ ഇതെന്താണ് പഠിക്കുന്നതെന്ന് മാതാപിതാക്കൾ ചോദിച്ചു തുടങ്ങിയിരിക്കുന്നു. ഇതേ കുറിച്ച് വിദ്യഭ്യാസവകുപ്പും ശ്രദ്ധിച്ചു തുടങ്ങിയിരിക്കുന്നു, ചില അധ്യാപകർ പരിധികളെല്ലാം ലംഘിച്ച് കുട്ടികൾക്ക് തങ്ങളുടെ പ്രായപൂർത്തി എത്തുന്നതിന് മുമ്പേതന്നെ അവർക്ക് അറിവില്ലാത്ത കാര്യങ്ങൾ അവരിലേക്കെത്തിക്കുന്നു. ഇതാണ് ശരീഅത്തിന്റെയും മനുഷ്യന്റെയും നിയമങ്ങൾ തമ്മിലുള്ള വ്യത്യാസം. ഈ നിയമം തന്നെയാണ് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വ്യതിരിക്തതയും. വിശുദ്ധ ഖുർആൻ സന്മാർഗം നൽകുന്നു. ഇന്ന ഇന്ന കാര്യത്തിന് ഇന്ന അധ്യാപനമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും തുറന്നു വിവരിക്കുകയില്ല. പിന്നെ തഫ്സീറുകൾ പതിയെപ്പതിയെ ഈ വാക്കുകളിൽനിന്നുതന്നെ ഓരോരുത്തരുടെയും ബുദ്ധിക്കും ഗ്രാഹ്യത്തിനുമനുസരിച്ച് നിർഗമിക്കുന്നു.

ആ മഹാത്മാവ് പറഞ്ഞു: ദൈവത്തിന്റെ വെളിപാടുകൾ ഹദ്റത്ത് ആദം മുഖേന ബീജാവാപം ചെയ്യപ്പെട്ടു. അല്ലാഹവിന്റെ ന്യായപ്രമാണത്തിന്റെ പ്രസ്തുത ബീജം വിശുദ്ധ ഖുർആനിന്റെ കാലഘട്ടത്തിൽ സമ്പൂർണതയിലെത്തുകയും ഒരു വൻവൃക്ഷംപോലെ ആകുകയും ചെയ്തു.”(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 219–220)

ചുരുക്കത്തിൽ എപ്രകാരം തിന്മകൾ വ്യാപിച്ചുകൊണ്ടിരുന്നുവോ അതിനുള്ള ചികിത്സയും കാലഘട്ടത്തിനനുസരിച്ച് പ്രകടമായിക്കൊണ്ടിരുന്നു. വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽ ഇങ്ങനെ ഒരു പ്രത്യേകതയമുണ്ട്, അതായത് എക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന തിന്മകൾക്കുള്ള പ്രതിവിധിയും ആ അധ്യാപനത്തിൽനിന്ന് ലഭിക്കുന്നു. അത് മുഫസ്സിരീങ്ങളും അല്ലാഹുവിന്റെ പരിശുദ്ധരായ ദാസരും മുഖേന നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുന്നു.

തുടർന്ന് പറഞ്ഞു: “സമ്പൂർണ ഗ്രന്ഥം വന്ന് പരിഷ്കരണം ഉണ്ടാക്കേണ്ടിയിരുന്നു. അതിന്റെ അവതരണ കാലഘട്ടത്തിൽ രോഗവും പൂർണമായ നിലയിൽ എത്തേണ്ടതുണ്ടായിരുന്നു. അങ്ങനെ എല്ലാ ഓരോ രോഗത്തിനും സമ്പൂർണ പ്രധിവിധി ഉണ്ടാകണമായിരുന്നു........ ആകയാൽ ആ ഉപദ്വീപിൽ പൂർണമായ രോഗവുമുണ്ടായിരുന്നു. അതിൽ എല്ലാ ആത്മീയ രോഗങ്ങളുമുണ്ടായിരുന്നു. അതായത് അറേബ്യയിൽ! ആ സമയത്തും പിന്നീടു വരുന്ന തലമുറകളെയും അത് ബാധിക്കുമായിരുന്നു. ഇതിൽ കുറേകൂടി വിശദീകരണമുണ്ട്. ആ സമയത്ത് ഉണ്ടായിരുന്നവയും പിന്നീട് വരുന്ന തലമുറകളെ ബാധിക്കുന്നവയുമായിരുന്നു അവ. അതിനുള്ള അധ്യാപനങ്ങളും നൽകി. കാരണം കാലഘട്ടം വിദൂരമാകാൻ ഉണ്ടായിരുന്നില്ല. ശരീഅത്ത് സമ്പൂർണമായിരുന്നു. അതുകൊണ്ടാണ് അത് സാധ്യമായത്. വരാനുള്ള കാലത്തെ കുറിച്ചും അത് വിശദീകരിക്കുന്നു. നിങ്ങൾ ഏതു പരിധിവരെ അത് തുറക്കണമെന്നും എങ്ങനെയാണു തുറക്കേണ്ടതെന്നും പറഞ്ഞുതന്നു. അതുകൊണ്ട് വ്യാഖ്യാതാക്കൾ കാലഘട്ടത്തിന് അനുസരിച്ച് വിശദീകരിച്ചുകൊണ്ടിരുന്നു. ഈ കാരണംകൊണ്ടുതന്നെ വിശുദ്ധ ഖുർആൻ എല്ലാ ശരീഅത്തുകളെയും പരിപൂർത്തീകരിച്ചു. ഗ്രന്ഥങ്ങൾ ഇറങ്ങുന്ന കാലഘട്ടത്തിൽ അവയിൽ അത്തരം സമ്പൂർണ പാഠങ്ങളില്ലായിരുന്നു.”(മൽഫൂദത്ത് വാല്യം 1, പേജ് 38, 1984 പതിപ്പ്) ഇവിടെ ആ മഹാത്മാവ് മറ്റൊരു കാര്യം കൂടി സ്ഥാപിച്ചിരിക്കുന്നു. അതായത് വളരെയേറെ വഴിപിഴച്ചതും ഒരു ശരീഅത്തിന്റെ ആവശ്യമുള്ളതുമായ കാലഘട്ടമാണ് ഇതെന്ന് ക്രിസ്ത്യാനികളും യഹൂദികളും സമ്മതിച്ചിരിച്ചിരുന്നു.

വിശുദ്ധ ഖുർആന് സമമാകാൻ മനുഷ്യവചനങ്ങൾക്ക് ഒരിക്കലും സാധ്യമല്ലെന്ന് വിവരിച്ചുകൊണ്ട് ഉദാഹരണ സഹിതം അദ്ദേഹം പറയുന്നു: “നല്ല വാക്ചാതുര്യമുള്ള എഴുത്തുകാർ തങ്ങളുടെ വൈജ്ഞാനിക കഴിവ് അനുസരിച്ച് ഒരു ലേഖനം എഴുതുകയാണെങ്കിൽ, അതായത് നല്ലപോലെ വാക്സാമർഥ്യവും എഴുതാൻ കഴിവുമുള്ള ആളുകൾ തങ്ങളുടെ വൈജ്ഞാനിക കഴിവനുസരിച്ച് ഒരു ലേഖനം എഴുതാൻ ആഗ്രഹിക്കുകയാണെങ്കിൽ, അതായത് അത് വ്യർഥവും വ്യാജവും അനാവശ്യവുമായ കാര്യങ്ങളിൽനിന്നും വ്യഥാവിവരണങ്ങളിൽ നിന്നും വാചകമടിയിൽനിന്നും മറ്റെല്ലാ യുക്തിരാഹിത്യത്തിൽനിന്നും എല്ലാ വിപത്തുകളിൽനിന്നും അതീതവും സമ്പൂർണവും സമ്മളിതവുമായി തികച്ചും പരിശുദ്ധമാകണമെന്നും, അതായത് എല്ലാ തരത്തിലുള്ള വ്യർഥവും വ്യാജവും അനാവശ്യവും പരിഹാസം തുടങ്ങിയ കാര്യങ്ങളിൽനിന്ന് അസ്ഥാനത്തും അനുചിതവുമായ കാര്യങ്ങളിൽനിന്നും സങ്കീർണ്ണതകളിൽനിന്നും അതീതവും മനുഷ്യന് മനസ്സിലാകാത്തതും യുക്തി ഇല്ലാത്തതും രചനാവൈഭവം ഇല്ലാത്തതുമായ കാര്യങ്ങളിൽനിന്ന് മുക്തവുമായ കാര്യങ്ങൾ നല്ല ഒരു എഴുത്ത്കാരൻ, എല്ലാ അനാവശ്യകാര്യങ്ങളിൽ നിന്ന് മുക്തമായി എഴുതാൻ ശ്രമിക്കുന്നു. അതാണ് ഒരു നല്ല എഴുത്തുകാരന്റെ ലക്ഷണം. അതായത് എല്ലാ അനാവശ്യകാര്യങ്ങളിൽ നിന്നും അയാളുടെ രചന മുക്തമായിരിക്കണം. തികച്ചും സത്യസന്ധവും യുക്തിഭദ്രവും സാഹിത്യസമ്പുഷ്ടവും വസ്തുതാപരവും ദിവ്യജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ലേഖനം എഴുതുമ്പോൾ അയാൾ സ്വയം പരിശുദ്ധനാകുക മാത്രമല്ല. പ്രത്യുത ദിവ്യജ്ഞാനങ്ങൾ നിറഞ്ഞ ആളുമായിരിക്കണം. അങ്ങനെയാകുമ്പോൾ അത്തരം ലേഖനം എഴുതുന്ന വ്യക്തി ഏറ്റവും ഒന്നാം സ്ഥാനത്തെത്തുന്നതായിരിക്കും. അതായത് വൈജ്ഞാനിക കഴിവുകളും പരന്ന വിജ്ഞാനവും പൊതുവായ അറിവും സങ്കീർണമായ അറിവുകളിലെ പ്രാവീണ്യവുമു ള്ള വ്യക്തി ഏറ്റവും ഉന്നതവും നല്ലപോലെ അഭ്യസിച്ച ആളും എഴുത്തിൽ പരിചയസമ്പന്നനും ഏറ്റവുമധികം അതിൽ നിത്യാഭ്യാസിയുമായിരിക്കണം. നല്ല എഴുത്തും വായനയുമുള്ള ആളും ജ്ഞാനിയും അനുഭവസ്ഥനും ആയിരിക്കണം. അങ്ങനെയുള്ള ആൾക്ക് മാത്രമേ ഈ എല്ലാ കാര്യങ്ങൾക്കുമതീതമായ ലേഖനം എഴുതാൻ കഴിയുകയുള്ളു. എന്നാൽ, കഴിവിലും അറിവിലും ശ്രേഷ്ഠതയിലും ബുദ്ധിയിലും വിവേകത്തിലും ഇതിൽ കുറഞ്ഞ ഒരാൾക്ക് അത് സാധ്യമല്ല. അയാൾ ഒരുപാട് താഴെ വീണുപോയിരിക്കും. അയാൾ തന്റെ രചനയിൽ ഈ എല്ലാ പരിപൂർണതയ്ക്കും സമാനതയുള്ളയാളായിരിക്കണം.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**‘പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.’**
**(ജുമുഅ ഖുത്ബ 4–10–2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**“ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.”(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ഈ കഴിവുകൾ ഇല്ലാത്തവർ അതിന് തുല്യമാകുന്നതല്ല. അവിടന്ന് പറയുന്നു: ഒരു ഭിഷഗ്വരൻ ശരീരത്തെ കുറിച്ച് നല്ലപോലെ അറിവുള്ള ആളാണെന്ന് കരുതുക. അതായത് പരിചയസമ്പന്നനും പ്രാവീണ്യവുമുള്ള(expert) ഒരു ഡോക്ടർ അയാൾക്ക് ദീർഘകാലമായുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ രോഗത്തെ കുറിച്ചും രോഗത്തിന്റെ അവസ്ഥയെ കുറിച്ചും പൂർണമായ അറിവ് ലഭ്യമാകുന്നു. അയാൾ ശരിയായ രീതിയിൽ രോഗം പരിശോധിച്ച്(diagnose) നിർണയിക്കുന്നു. രോഗത്തെ കുറിച്ചും അയാൾക്ക് പൂർണമായ അറിവുണ്ടാകും. അതോടൊപ്പം നല്ല വാക്ചാതുരിയും ഉണ്ടായിരിക്കണം. അധികമായൊരു കാര്യം അയാൾക്ക് വാക്ചാതുരിയുണ്ടെന്നതാണ്. പദ്യഗദ്യ രൂപത്തിൽ അയാൾക്ക് പറയാനറിയാം. അയാൾ അതിൽ വളരെ വ്യതിരിക്തനായിരിക്കും. അതായത് ഒരു രോഗത്തിന്റെ അവസ്ഥകളെയും ലക്ഷണങ്ങളെയും അയാൾക്കറിയാം. രോഗമുണ്ടാകുമ്പോൾ അയാളുടെ അവസ്ഥയും ലക്ഷണങ്ങളും വളരെ വാക്ചാതുര്യത്തോടുകൂടി ശരിയായ തലത്തിൽ വളരെ കൃത്യമായും അയാൾക്ക് വിവരിക്കാൻ കഴിയും. ഇതിന് മുന്നിൽ വൈദ്യശാസ്ത്രത്തെ കുറിച്ച് ഒന്നും അറിയാത്തവനും ശരിയായ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയാത്തവനും അതേപോലെ വിവരിക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ശ്രേഷ്ഠതകളില്ലാത്ത ഒരാൾക്ക് അത്തരത്തിൽ വിവരിക്കാൻ സാധ്യമല്ല. ഈ എല്ലാ കാര്യങ്ങളും അറിവുള്ള ഒരാൾ അതിൽ പ്രാവീണ്യമുള്ള ഒരാൾ, കൂടാതെ അയാൾക്ക് നല്ലപോലെ വിവരിക്കാനും ഗവേഷണം നടത്താനും കഴിയുന്നയാൾ അറിവിൽ പരിമിതമായ ഒരാളെ പോലെയല്ല. ഏതായാലും അയാൾ മറ്റെയാളെക്കാളും മേലെ ആയിരിക്കും."

പറഞ്ഞു: "ഇക്കാര്യം വളരെ വ്യക്തവും സുവിധവുമാണ്. അജ്ഞന്റേയും ബുദ്ധിമാന്റേയും പ്രഭാഷണങ്ങളിൽ തീർച്ചയായും വ്യത്യാസമുണ്ടായിരിക്കും. എത്രമാത്രം അറിവിൽ സമ്പൂർണത ലഭ്യമാകുന്നുവോ പ്രസ്തുത സമ്പൂർണതകൾ അയാളുടെ പ്രഭാഷണത്തിൽ കാണപ്പെടുന്നതായിരിക്കും. ഒരു വൃത്തിയുള്ള കണ്ണാടിയിൽ മുഖം കാണപ്പെടുന്നതുപോലെ! സത്യവും യുക്തിയും വിവരിക്കുമ്പോൾ അത്തരം വാക്കുകൾ അയാളുടെ നാവിൽനിന്ന് വരുന്നതാണ്. അയാളുടെ വൈജ്ഞാനിക യോഗ്യത മനസ്സിലാക്കുന്നതിന് ഒരു മാനദണ്ഡമുണ്ട്. വിശാലമായ അറിവിൽനിന്നും തികഞ്ഞ ബുദ്ധിയിൽനിന്നും ഉരിത്തിരിയുന്ന കാര്യങ്ങൾ കുടുസ്സായതും അന്ധകാരത്തിൽ അധിഷ്ഠിതവുമായ ചിന്തകളിൽനിന്ന് വരുന്നതല്ല. ഈ രണ്ടു കാര്യങ്ങളിൽ എത്രമാത്രം വ്യത്യാസമുണ്ട്. ഒന്ന് വൈജ്ഞാനിക നീരുറവയാകുന്നു. മറ്റൊന്ന് തികച്ചും ഉപരിപ്ലവമായ വർത്തമാനങ്ങളാകുന്നു. അങ്ങനെയാകുമ്പോൾ വ്യക്തമായ വ്യത്യാസം മനസ്സിലാകുന്നതാണ്." പറയുന്നു: "വ്യത്യാസം പ്രകടമാകും. അതായത് ഘ്രാണശക്തിക്ക് മുന്നിൽ പ്രകൃതിപരമോ യാദൃച്ഛികമോ ആയ പ്രയാസങ്ങൾ ഒന്നുമില്ലെങ്കിൽ സുഗന്ധത്തിന്റെയും ദുർഗന്ധത്തിന്റെയും വ്യത്യാസം വ്യക്തമാകുന്നതാണ്. നിങ്ങൾ എത്രമാത്രം ചിന്തിക്കുകയാണെങ്കിലും ഈ യാഥാർഥ്യത്തിൽ ഒരു ന്യൂനതയും കണ്ടെത്താൻ സാധ്യമല്ല. ഇതു വളരെ സത്യസന്ധമായ കാര്യമാകുന്നു. അതിൽ ന്യൂനത കണ്ടെത്താൻ സാധ്യമല്ല. ചുരുക്കത്തിൽ എല്ലാ കാരണങ്ങളും മുഖേന സ്ഥാപിതമാകുന്നതെന്തെന്നാൽ വൈജ്ഞാനികവും ബൗദ്ധികവുമായ കഴിവുകളിലുള്ള വ്യത്യാസം വചനങ്ങളിലൂടെ പ്രകടമാകുന്നു. ബുദ്ധിപരമായും വൈജ്ഞാനികമായും ഉന്നതതലത്തിൽ ഉള്ളവരുടെ വാക്ചാതുരിയും ഉന്നത തലത്തിലുള്ള ആശയങ്ങളും ഒരുപോലെയാകാൻ സാധ്യമല്ല. അതായത് വൈജ്ഞാനികമായ അറിവുള്ളവർ ഏതായാലും മുകളിലായിരിക്കും. സാധാരണ ആളുകളുമായി സമമായിരിക്കുന്നതല്ല,. എന്തെങ്കിലും വ്യതിരിക്തത ബാക്കിയാകുന്നതാണ്. ഈ യാഥാർഥ്യം അംഗീകരിക്കപ്പെടുന്നത് മറ്റൊരു യാഥാർഥ്യത്തെ അംഗീകരിക്കാൻ നിർബന്ധിതരാക്കുന്നു .അതായത് അല്ലാഹുവിന്റെ വചനങ്ങൾ മനുഷ്യന്റെ വചനങ്ങളേക്കാൾ അതിന്റെ പ്രകടവും ഗോപ്യവുമായ മേന്മകളിൽ ഉന്നതവും അനുപമവുമാകേണ്ടത് അനിവാര്യമാണ്."

ഈ ഉദാഹരണത്തിലൂടെ വ്യക്തമാകുന്നതെന്തെന്നാൽ അല്ലാഹുവിന്റെ വചനങ്ങൾ ഏറ്റവും അത്യുന്നതമാകുന്നു. അല്ലാഹു മാത്രമാണ് എല്ലാ അറിവുകളെയും വലയം ചെയ്തിട്ടുള്ളത്. അവനെ പോലെ മറ്റാർക്കും അറിവില്ല. കാരണം അല്ലാഹുവിന്റെ സമ്പൂർണമായ അറിവുമായി മറ്റാരുടെയും അറിവ് സമമാകാൻ സാധ്യമല്ല. ഇതിലേക്ക് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു: *ഫഇല്ലം യസ്തജീബൂ ലക്കും ഫഅ്ലമൂ അന്നമാ ഉൻസില ബിഇൽമില്ലാഹി* എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നല്കിയില്ലെങ്കിൽ നിങ്ങൾ മനസ്സിലാക്കുക, തീർച്ചയായും ഇത് അല്ലാഹുവിന്റെ അറിവോടുകൂടി മാത്രം ഇറക്കപ്പെട്ടതാണ്. അതായത് നിഷേധികൾക്ക് ഖുർആന് സമമായത് സമർപ്പിക്കാൻ കഴിയില്ല. അവർ ഈ മത്സരത്തിൽ ഹതാശരാകുന്നതായിരിക്കും. ആയതിനാൽ അറിയുക, ഇത് മനുഷ്യന്റെ വചനമല്ല. മറിച്ച് അല്ലാഹുവിന്റെ ജ്ഞാനത്തിൽ നിന്ന് ഇറങ്ങിയതാണ്. തുല്യമായത് സമർപ്പിക്കാൻപോലും കഴിയില്ലെങ്കിൽ അത് മനുഷ്യന്റെ വചനമല്ലെന്നും ദൈവിക വചനമാണെന്നും വ്യക്തമാണ്. അവന്റെ വിശാലവും സമ്പൂർണവുമായ വിജ്ഞാനത്തിനു മുന്നിൽ മനുഷ്യന്റെ അറിവ് അർഥശൂന്യവും വ്യർഥവുമാകുന്നു. ഈ ആയത്തിൽ 'ഇന്നീ' അഥവാ ആദ്യകാരണം എന്ന തർക്കശാസ്ത്രപരമായ തെളിവിന്റെ രീതിയിൽ പ്രഭാവത്തിന്റെ അസ്തിത്വത്തെ പ്രഭാവം ചെലുത്തപ്പെടുന്നതിന്റെ അസ്തിത്വത്തിലേക്ക് തെളിവായി സമർപ്പിക്കുന്നു. മറ്റു വാക്കുകളിൽ അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. ദൈവികമായ അറിവ് അതിന്റെ സമ്പൂർണതയിലും സമ്മിളിതാവസ്ഥയിലും ഒരിക്കലും മനുഷ്യന്റെ അല്പമാത്രമായ അറിവിന് സമാനമാകാൻ സാധ്യമല്ല. മറിച്ച് അവന്റെ സമ്പൂർണവും അനുപവുമായ അറിവിൽനിന്നാണ് അത് നിർഗ്ഗമിക്കുന്നത്. അതും സമ്പൂർണവും അനുപമവുമായിരിക്കും. അത് മനുഷ്യന്റെ വചനങ്ങളിൽ നിന്ന് തികച്ചും വ്യതിരിക്തമായിരിക്കണം. ചുരുക്കത്തിൽ ഈ തികവുകളാണ് വിശുദ്ധ ഖുർആനിൽനിന്ന് തെളിയുന്നത്. (ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 216–240)

അതുകൊണ്ട് എല്ലാ നിലയിലും സമ്പൂർണമാണെന്ന വാദമാണ് വിശുദ്ധ ഖുർആനുള്ളത്. അതിനെ നേരിടാൻ ആരുമുണ്ടായിട്ടില്ല ഇപ്പോഴുമില്ല ഇനിയുണ്ടാകുകയുമില്ല.

പറയുന്നു: വിശുദ്ധ ഖുർആൻതന്നെയാണ് അറിവുകളുടെ നിലകളോടൊപ്പം കർമങ്ങളുടെ നിലയേയും അപാരമായ ശ്രേഷ്ഠതവരെ എത്തിക്കുന്നത്. ജ്ഞാനപരവും കർമപരവും രണ്ടു കാര്യങ്ങളിലും അപാരമായ ശ്രേഷ്ഠതയിലെത്തിക്കുന്നത്. പറഞ്ഞു: 'വിശുദ്ധ ഖുർആൻ അറിവുപരമായ നിലകളിൽ അപാരമായ ശ്രേഷ്ഠത വരെ എത്തിക്കുന്നതുപോലെ കർമപരമായ നിലകളുടെ ശ്രേഷ്ഠതകളും അതുമുഖേന ലഭിക്കുന്നു. അല്ലാഹുവിന്റെ അടയാളങ്ങളും സ്വീകാരത്തിന്റെ പ്രകാശങ്ങളും അക്കൂട്ടരിൽ പ്രകടമായിക്കൊണ്ടിരുന്നു. ഈ പരിശുദ്ധമായ ഗ്രന്ഥത്തെ അനുധാവനം ചെയ്തവരിൽ ഇപ്പോഴും പ്രകടമാകുന്നുണ്ട്. മറ്റുള്ളവരിൽ ഒരിക്കലും പ്രകടമാകുകയില്ല. അതിനാൽ സത്യാന്വേഷികൾക്ക് ഈ തെളിവ് –ഇതിനെ അവർക്ക് നേരിട്ട് കാണാവുന്നതാണ്– മതിയായതാണ്. അതായത് ദൈവികമായ അനുഗ്രഹങ്ങളും റബ്ബാനീ അടയാളങ്ങളും വിശുദ്ധഖുർആനിനെ പൂർണമായും അനുധാവനം ചെയ്യുന്നവരിൽ കാണുന്നു."(ബറാഹീനെ അഹ്മദിയ്യ, റൂഹാനീസാഇൻ വാള്യം 1, പേജ് 351–352, ബാക്കി അടിക്കുറിപ്പ് നമ്പർ 11)വിശുദ്ധ ഖുർആനിനെ സമ്പൂർണമായി അനുധാവനം ചെയ്യുകയാണെങ്കിൽ അടയാളങ്ങളും കാണാൻ സാധിക്കും. തങ്ങൾക്ക് കാണാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞ് ആളുകൾ അടയാളങ്ങൾ ചോദിക്കുന്നു. ഇത്രസമയം ദുആ ചെയ്തിട്ടും കണ്ടില്ലെന്ന് പറയുന്നു. അവർക്കുവേണ്ടി അല്ലാഹു പറഞ്ഞു: ഞാൻ പറയുന്ന കാര്യം കൂടി കേൾക്കുക. എന്നിലുള്ള വിശ്വാസം കുറഞ്ഞപക്ഷം സമ്പൂർണമാക്കുക. ഞാൻ പറഞ്ഞതനുസരിച്ച് കർമങ്ങളും ചെയ്യുക. ഇതുണ്ടാകുകയാണെങ്കിൽ അപ്പോൾപ്പിന്നെ അല്ലാഹുവും ദുആകൾ കേൾക്കുന്നു. അതുകൊണ്ട് ഇതും ഖുർആനികാധ്യാപനങ്ങളുടെ പ്രത്യേകതയാണ്, വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് സമ്പൂർണമായി കർമങ്ങൾ ചെയ്യുന്നവർതന്നെയാണ് അസാധാരണമായ ബർക്കത്തുകൾ കരസ്ഥമാക്കുന്നവർ.

അവിടന്ന് പറഞ്ഞു: "വിശുദ്ധ ഖുർആൻ ഏറ്റവും 'ഈജാസി'യായ നിലയിൽ എല്ലാ ദീനീ സത്യങ്ങളെയും വലയം ചെയ്തിരിക്കുന്നു. 'ഈജാസി' എന്നതുകൊണ്ട് 'മുഅ്ജിസ'ത്തല്ല. അലിഫ് യാ ജീം എന്നത് ചേർന്നുവരുമ്പോൾ അതുകൊണ്ടുള്ള വിവക്ഷിതം സംക്ഷിപ്ത വിവരണം എന്നാണ്." ഇതു വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "ഫുർഖാൻ മജീദ് അതിന്റെ വിവരണ ചാതുരിയിലും സാഹിത്യസമ്പുഷ്ടിയിലും സത്യസാക്ഷ്യവും യുക്തിഭദ്രതയും ആവശ്യമായ വസ്തുതകളും നല്ല രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഏറ്റവും സംക്ഷിപ്തമായ രീതിയിൽ എല്ലാ ദീനീ സത്യസാക്ഷ്യങ്ങളെയും വലയം ചെയ്തു കാണിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ എല്ലാ എതിരാളികളെയും നിഷേധകരേയും നിരുദ്ധകണ്ഠരാക്കിക്കൊണ്ട് ശക്തമായ തെളിവുകൾ നിറച്ചിരിക്കുന്നു. വിശ്വാസികൾക്ക് ദൃഢജ്ഞാനത്തെ സമ്പൂർത്തീകരിക്കുന്നതിന് ആയിരക്കണക്കിന് സൂക്ഷ്മജ്ഞാനങ്ങളുടെ വളരെ പരിശുദ്ധവും ആഴമേറിയതുമായ ഒരു നദി ഒഴുകുന്നതായി കാണപ്പെടും. ഏതെല്ലാം കാര്യങ്ങളിലാണോ കുഴപ്പങ്ങളുള്ളത് അവ പരിഹരിക്കുന്നതിന് ശക്തി ചെലുത്തുന്നു. ഏറ്റക്കുറച്ചിലുകൾ ശക്തി പ്രാപിച്ച സ്ഥലങ്ങളിലെല്ലാം അതേ ശക്തിയോടുകൂടിത്തന്നെ അവയെ പ്രതിരോധിക്കുന്നു. ഏതു തരത്തിലുള്ള രോഗങ്ങളാണോ വ്യാപിച്ചിട്ടുള്ളതായി കാണുന്നത് അവക്കുള്ള ചികിത്സയും രേഖപ്പെടുത്തിയിട്ടുണ്ട്. പൊയ്മതങ്ങളുടെ എല്ലാ അന്ധവിശ്വാസങ്ങളെയും നിർമാർജനം ചെയ്തു. വ്യാജമതങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങളേയും അവരുടെ അന്ധവിശ്വാസങ്ങളെയും തെറ്റായ കാര്യങ്ങളെയും ഇല്ലായ്മ ചെയ്യുന്നു. എല്ലാ ആക്ഷേപങ്ങൾക്കും മറുപടി നൽകുന്നു. അതിൽ വിവരിക്കാത്ത ഒരു സത്യസാക്ഷ്യവുമില്ല. വഴികേടിലായ ഒരു സമുദായത്തെയും അത് നിഷേ

ധിക്കാതിരുന്നിട്ടുമില്ല. അതായത് വഴികേടിലായ ജനങ്ങളെ നിരാകരിക്കുന്ന കാര്യങ്ങൾ അതിലുണ്ട്. ഓരോ കല്പനയും വളരെ വ്യക്തമാണ്. മറ്റൊരു ശ്രേഷ്ഠതയെന്തെന്നാൽ അനാവശ്യമായ ഒരു വാക്കും അതിലില്ല. ആവശ്യമില്ലാത്ത ഒരു കാര്യവും പറഞ്ഞിട്ടുമില്ല. അനവസരത്തിൽ കാര്യങ്ങൾ വിവരിച്ചിട്ടില്ല. ഒരു വാക്കുപോലും വ്യർഥമായി എഴുതിയിട്ടില്ല. മാത്രമല്ല ഏറ്റവും അനുഗുണമായ സംവിധാനമെന്തെന്നാൽ ഈ എല്ലാ കാര്യങ്ങളുടെയും വിവരണം രണ്ടു തവണ കാണിച്ചിരിക്കുന്നു. അതിനേക്കാളും നല്ല രീതിയിൽ അതെ കുറിച്ച് സങ്കൽപ്പിക്കാൻ സാധ്യമല്ല. എല്ലാ കാര്യങ്ങളും വലയം ചെയ്തിട്ടുമുണ്ട്. അത് സംക്ഷിപ്തമായ രീതിയിലാണുള്ളത്. പക്ഷേ, സാഹിത്യസമ്പുഷ്ടമായ നിലയിലാണ്. അതിനേക്കാളും നല്ല രീതിയിൽ സാധ്യമല്ല. വിവരണം എത്രമാത്രം പരിപക്വമാണെന്നാൽ ഏറ്റവും നല്ല രീതിയിൽ അനുക്രമമായും അത്ഭുതമായും തെളിവോടുകൂടിയുമുള്ള വിവരണത്തിലൂടെ ആദ്യവും അവസാനവും കഴിഞ്ഞു പോയവരുടെയും അറിവുകൾ ഒരു ചെറിയ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു. മുൻ കഴിഞ്ഞവരുടെ അറിവുകളുമുണ്ട്. നേരത്തെയും ഇതു സംബന്ധിച്ച് ഞാൻ ഉദാഹരണം പറഞ്ഞതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അറേബ്യായിലെ ഗ്രാമീണ നിവാസികൾക്കും വിശുദ്ധഖുർആൻ മനസ്സിലായി. അവർ ദൈവമനുഷ്യരായി മാറി. വിദ്യാസമ്പന്നരായി. അതുപോലെ അറിവുള്ള ആളുകൾക്കും അത് മനസ്സിലാവുകയുണ്ടായി. അവർ അവരുടെ ബുദ്ധി അനുസരിച്ച് അത് മനസ്സിലാക്കി. അവരിൽ മാത്രമല്ല മുൻകഴിഞ്ഞവർക്കും വരാനുള്ളവർക്കും അത് ഗ്രാഹ്യമായി. അവസാന കാലഘട്ടത്തിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ, അതിന്റെ വ്യാഖ്യാനങ്ങൾ എല്ലാ കാലത്തും എല്ലാ വാക്കുകളിൽ നിന്നും നിർഗ്ഗമിക്കുന്നു. പ്രസ്തുത കാലഘട്ടത്തിന് അനുസരിച്ച് നമുക്ക് അറിവ് നൽകുകയും ചെയ്യുന്നു. ഒരു ചെറിയ ഗ്രന്ഥത്തിലാണ് ഇതെല്ലാം സമാഹരിച്ചിട്ടുള്ളത്. മനുഷ്യന്റെ ആയുസ്സ് കുറവും പ്രവർത്തനങ്ങൾ വളരെ അധികവുമുണ്ട്. മറ്റുള്ള ഒരുപാട് കാര്യങ്ങൾ വിട്ടുപോയേക്കാം. പക്ഷേ, ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് അത് സഹായകമാകുന്നു. അത് മനഃപാഠമാക്കുന്നതും ഓർമ വെക്കുന്നതും എളുപ്പമാണ്."(ബറാഹീനെ അഹ്‌മദിയ്യ, റൂഹാനീഖസാഇൻ വാല്യം 1, പേജ് 451–456, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

വിശുദ്ധ ഖുർആൻ ആളുകൾ മനഃപാഠമാക്കുകയും ചെയ്യുന്നു. കുട്ടികളും ചെറിയ പ്രായത്തിൽ മനഃപാഠമാക്കുന്നു. ആ മഹാത്മാവ് തന്റെ ബറാഹീനെ അഹ്‌മദിയ്യ എന്ന ഗ്രന്ഥത്തിൽ തെളിയിക്കുന്നതെന്തെന്നാൽ വിശുദ്ധ ഖുർആൻ മാത്രമാണ് അതിന്റെ വാചകങ്ങളുടെ അടിസ്ഥാനത്തിലും ഭാഷയുടെ അടിസ്ഥാനത്തിലും സത്യസാക്ഷ്യങ്ങൾ വിവരിച്ചിട്ടുള്ളത്. അത് മറ്റെവിടെയും കാണപ്പെടുന്നതല്ല. ഇഞ്ചീലും മറ്റു ഗ്രന്ഥങ്ങളും മനുഷ്യന്റെ കൈകടത്തലുകൾ കാരണം ദൈവിക ഗ്രന്ഥങ്ങൾ എന്ന നിലക്ക് ഇപ്പോൾ നിലനിൽക്കുന്നില്ല.

വിശുദ്ധ ഖുർആനിന്റെ സമ്മിളിത വചനങ്ങളുടെ മേന്മയെ മറ്റൊരിടത്ത് പരാമർശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "നീതിമാനായ ഒരു വ്യക്തി വിശുദ്ധ ഖുർആൻ കാണുകയാണെങ്കിൽ വളരെ വേഗംതന്നെ വിശുദ്ധ ഖുർആനിൽ സമ്മിളിതമായ വചനങ്ങളും ഹൃദയാത്മനയുള്ള വിവരങ്ങൾക്ക് അനിവാര്യമായ കാര്യങ്ങളെല്ലാം ഏറ്റവുംനല്ലരീതിയിൽകാണപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കുന്നതാണ്. അതായത് ചുരുക്കത്തിലും അതെ സമയം വിവരണാധിഷ്ഠിതവുമാണ്. അതിൽ ഏറ്റവും മികവാർന്ന രീതിയിൽ കുറഞ്ഞ വാക്കുകളിൽ അത് എത്തിച്ചിരിക്കുന്നു. മറ്റൊരു തികവെന്തെന്നാൽ, ദീനീപരമായ എല്ലാ ആവശ്യങ്ങളെയും വലയം ചെയ്യുകയും എല്ലാ തരത്തിലുള്ള തെളിവുകളും വളരെ ചുരുങ്ങിയ രീതിയിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു. അത് ഒരാൾക്ക് കേവലം മൂന്നുനാലു പകൽ കൊണ്ട് ആദ്യം മുതൽ അവസാനം വരെയും വളരെ വ്യക്തമായി വായിക്കാൻ കഴിയുന്നതാണ്. ഇത്രയും സംക്ഷിപ്തമായ വാക്കുകളിൽ സമാധാനമായി മനുഷ്യന് അത് വായിക്കാൻ കഴിയുന്നതാണ്. ഇനി നോക്കേണ്ടത് ഖുർആനിന്റെ ഈ അവതരണ ശൈലി അത്ഭുതകരമാണെന്നതാണ്. വിജ്ഞാനത്തിന്റെ തിരയടിക്കുന്ന സമുദ്രത്തെ മൂന്നു നാലു ഖണ്ഡികകളിൽ സംക്ഷേപിച്ചിരിക്കുന്നു. യുക്തിഭദ്രതയുടെ ഒരു ലോകത്തെ തന്നെ ഏതാനും പേജുകളിൽ സമാഹരിച്ചിരിക്കുന്നു. എപ്പോഴെങ്കിലും ആരെങ്കിലും ഇത്രയും ചെറിയ ഒരു ഗ്രന്ഥത്തിൽ എല്ലാ കാലഘട്ടത്തിന്റെയും സത്യങ്ങളെ ഉൾക്കൊള്ളുന്ന ഗ്രന്ഥം കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ? ദീനിന്റെ ഒരു സത്യസാക്ഷ്യവും യുക്തിജ്ഞാനങ്ങൾ നിറഞ്ഞ വാക്കുകളിൽ അധിഷ്ഠിതമായൊരു അരുവി ഒഴുക്കാൻ കഴിയുമെന്ന് ഏതെങ്കിലും ബുദ്ധിക്ക് എപ്പോഴെങ്കിലും സങ്കൽപ്പിക്കാൻ കഴിയുമോ?(ബറാഹീനെ അഹ്‌മദിയ്യ, റൂഹാനീഖസാഇൻ വാല്യം 1, പേജ് 526–527, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

ആ മഹാത്മാവ് ഇവിടെ ഹിന്ദുക്കളുടെ ഗ്രന്ഥമായ വേദങ്ങളുമായി താരതമ്യം ചെയ്യുന്നുണ്ട്. വേദങ്ങളിൽ ഖുർആനിലുള്ള കാര്യങ്ങൾ ഇല്ലെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. മാത്രമല്ല നീണ്ട വാചകങ്ങളും അത് വായിക്കാൻ പ്രയാസവുമാണ്. ആ മഹാത്മാവ് എല്ലാ മതങ്ങളെയും വെല്ലുവിളിച്ച് കൊണ്ട് പറയുന്നു: "വരുവിൻ! ഈ എല്ലാ ശ്രേഷ്ഠതകളും ഞാൻ നിങ്ങൾക്ക് ഖുർആനിൽ കാണിച്ചു തരാം."

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാതെ ഈ കാലഘട്ടത്തിൽ ഇങ്ങനെ വെല്ലുവിളിച്ച മറ്റാരും തന്നെയില്ല. എന്നിട്ടും ഞങ്ങൾക്കുമേൽ ആക്ഷേപം ഉന്നയിക്കുന്നത് ഞങ്ങൾ നഊദുബില്ലാഹ് വിശുദ്ധഖുർആനിനെ അപഹസിക്കുന്നു എന്നാണ്.

വിശുദ്ധ ഖുർആനിന്റെകാലഘട്ടംസമ്പൂർണമായ അധ്യാപനം ആവശ്യപ്പെടുന്നുണ്ടായിരുന്നു. ആ മഹാത്മാവ് പറയുന്നു: "വിശുദ്ധ ഖുർആൻ തന്നെയാണ് സമ്പൂർണമായ അധ്യാപനം നൽകിയിട്ടുള്ളത്. വിശുദ്ധ ഖുർആനിന്റെ കാലത്തുതന്നെയാണ് സമ്പൂർണമായ അധ്യാപനം നൽകപ്പെട്ടത്. ഇപ്പറഞ്ഞതിന്റെ കുറച്ച് ഭാഗങ്ങൾ നേരത്തെയും വന്നതാണ്. ചുരുക്കത്തിൽ സമ്പൂർണ അധ്യാപനങ്ങളെ കുറിച്ച് ഖുർആൻ വാദം ഉന്നയിക്കുന്നു. ഇത് അതിന്റെ മാത്രം സവിശേഷതയാണോ? അതല്ലാത്ത മറ്റേതെങ്കിലും ദൈവിക ഗ്രന്ഥങ്ങൾ ഇത്തരം വാദങ്ങൾ ഉന്നയിക്കുന്നുണ്ടോ? (ബറാഹീനെ അഹ്‌മദിയ്യ, ഭാഗം 5, റൂഹാനീഖസാഇൻ വാല്യം 21, പേജ് 4)

അദ്ദേഹം പറഞ്ഞു:"നമ്മുടെ വീക്ഷണത്തിൽ വിശ്വാസിക്ക് മാത്രമേ വിശുദ്ധ ഖുർആനിനെ സത്യസന്ധമായി പിന്തുടരാൻ കഴിയുകയുള്ളൂ. അയാൾ വിശുദ്ധ ഖുർആൻ അവസാന ഗ്രന്ഥമാണെന്ന് ദൃഢബോധ്യമുള്ള ആളായിരിക്കണം. വിശ്വാസിയുടെ അടയാളമെന്തെന്നാൽ നബി(സ) തിരുമേനി ഈ ലോകത്തു കൊണ്ടുവന്ന ഈ ന്യായപ്രമാണത്തെ ശാശ്വതമായി നിലനിൽക്കുന്നതാണെന്ന് അംഗീകരിക്കണം. അതിൽ അൽപമെങ്കിലും ഒരു പുള്ളിപോലും മാറ്റാൻ പാടില്ല. അതിനെ പിന്തുടരുന്നതിൽ, തന്നെ സമർപ്പിക്കേണ്ടതാണ്. തന്റെ അസ്തിത്വത്തിന്റെ എല്ലാ കണികയും ഈ മാർഗത്തിലേക്ക് ആക്കണം. കർമപരമായും വൈജ്ഞാനികപരമായും ഈ ശരീഅത്തിനെ എതിർക്കാൻ പാടില്ല. അപ്പോഴാണ് ശരിയായ മുസ്‌ലിമായി മാറുന്നത്." (മൽഫൂദാത്ത് വാല്യം 10, പേജ് 267, 1984 പതിപ്പ്)

ഇത് നാം സ്വയം വിലയിരുത്തേണ്ടതുകൂടിയാണ്. വിശുദ്ധ ഖുർആൻ അവസാന ഗ്രന്ഥമാണെന്ന് വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലഘട്ടത്തിൽ എല്ലാവിധ ആവശ്യങ്ങളുമുണ്ടായിരുന്നു. അഭിമുഖീകരിക്കാൻ പ്രയാസമുള്ളതെല്ലാം സംഭവിച്ചു. അതായത് ധാർമികവും ആദർശപരവും വാചികവും കർമപരവുമായ എല്ലാ കാര്യങ്ങളും മോശമായിട്ടുണ്ടായിരുന്നു. എല്ലാ നിലയ്ക്കും ഏറ്റക്കുറച്ചിലുകൾ വന്നിട്ടുണ്ടായിരുന്നു. എല്ലാത്തരം കുഴപ്പങ്ങളും പാരമ്യത്തിലെത്തിയിരുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളും ഏറ്റവും ഉന്നതമായ നിലയ്ക്കാണ് അവതരിച്ചത്. ചുരുക്കത്തിൽ ഈ വിവക്ഷിതങ്ങളിൽ ഖുർആനിക ശരീഅത്ത് അവസാനത്തേതും സമ്പൂർണവുമാണ്. മുൻകാല ന്യായപ്രമാണങ്ങൾ അപൂർണമായിരുന്നു. കാരണം മുൻകാലങ്ങളിൽ ഈ കുഴപ്പങ്ങളില്ലായിരുന്നു. അവ പരിഹരിക്കുന്നതിന് വെളിപാട് ഗ്രന്ഥങ്ങൾ വരാൻമാത്രം കുഴപ്പങ്ങളില്ലായിരുന്നു. അതൊന്നും പാരമ്യതയിലെത്തിയിട്ടുണ്ടായിരുന്നില്ല. വിശുദ്ധ ഖുർആനിന്റെ സമയത്താകട്ടെ അതൊക്കെ അതിന്റെ പരമകോടിയിലെത്തിയിരുന്നു. കുട്ടികൾ അല്ലെങ്കിൽ യുവാക്കൾക്കെന്തു മറുപടിയാണുള്ളതെന്ന് പലരും ചോദിക്കുന്നു. ആദ്യം ഈ കാര്യങ്ങളൊന്നും അതിന്റെ പരമകാഷ്ഠയിലെത്തിയിരുന്നില്ല. ഇപ്പോൾ അത് പരമകാഷ്ഠയിലെത്തിയിരിക്കുന്നു. അതുകൊണ്ട് അധ്യാപനങ്ങളും ഏറ്റവും പരമകാഷ്ഠയിലുള്ളതായിരിക്കണം. അതുകൊണ്ടാണ് ഖുർആൻ അവതരിച്ചത്. അതുകൊണ്ടാണ് നബി(സ)തിരു

## ത്വാലിബെ ദുആ

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**(മൽഫൂദാത്ത് വാല്യം 1, പേജ് 220)




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • അമീറുൽ മുഅ്മിനീന്റെ ഉപദേശം : •

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**(ജുമുഅ ഖുത്വ്ബ 4 – 10 – 2019)

ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

മേനി മുഖേന ഇസ്‌ലാമിന് അടിത്തറയിട്ടത്. വിശുദ്ധ ഖുർആനും മറ്റു ദൈവിക ഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെന്തെന്നാൽ മുൻകാല ഗ്രന്ഥങ്ങൾ എല്ലാ കൈകടത്തലുളകളിൽ നിന്ന് സുരക്ഷിതമാണെന്ന് കരുതിയാൽപോലും അവ ന്യൂനതകളുള്ളതായിരുന്നു. ഏതെങ്കിലും കാലഘട്ടത്തിൽ സമ്പൂർണ അധ്യാപനം അതായത് വിശുദ്ധ ഖുർആൻ വെളിപ്പെടേണ്ടത് തന്നെയാണ്. മറ്റു ഗ്രന്ഥങ്ങൾക്ക് ഇക്കാര്യങ്ങൾ വന്നിട്ടേയില്ലായിരുന്നു. എന്നിരിക്കെ അത് എങ്ങനെയാണു അതെ കുറിച്ച് പറയുക. അവയിലെ അധ്യാപനങ്ങൾ ന്യൂനതയുള്ളവയായിരുന്നു. അതുകൊണ്ട് ഖുർആൻ വെളിപ്പെടേണ്ടത് അനിവാര്യവുമായിരുന്നു. അവിടന്ന് പറയുന്നു: "വിശുദ്ധഖുർആനുശേഷം ഇനി ഏതെങ്കിലും ഒരു ഗ്രന്ഥം ആവശ്യമില്ല. കാരണം സമ്പൂർണതയ്ക്ക് ശേഷം മറ്റൊരു ഘട്ടവും ബാക്കിയായിട്ടില്ല. ഇനി ഏതെങ്കിലും കാലത്ത് വിശുദ്ധ ഖുർആനിന്റെ അടിസ്ഥാന തത്ത്വങ്ങൾ വേദങ്ങളെയും ഇഞ്ചീലിനെയും പോലെ ശിർക്കിൽ അകപ്പെട്ട അധ്യാപനങ്ങളാകുകയും തൗഹീദിന്റെ പാഠങ്ങളിൽ മാറ്റങ്ങളും കർമങ്ങളിൽ കൈകടത്തലുളകളും വരികയാണെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ, വിശുദ്ധ ഖുർആനിൽ എന്തെങ്കിലും തിരുത്തലുകൾ വരുകയാണെങ്കിൽ ഏതെങ്കിലും കാലഘട്ടത്തിൽ കോടിക്കണക്കിന് മുസ്‌ലിമീങ്ങൾ തൗഹീദിൽ നിലനിൽക്കുന്ന ആളുകൾ അവരും ശിർക്കും സൃഷ്ടിപൂജയും സ്വീകരിക്കുമെന്ന് സങ്കല്പിക്കുകയാണെങ്കിൽത്തന്നെയും തീർച്ചയായും അത്തരം ഒരവസ്ഥയിൽ മറ്റൊരു ശരീഅത്തും റസൂലും വരേണ്ടത് അനിവാര്യമായിരിക്കും. ഇങ്ങനെ ഒരവസ്ഥ ഉണ്ടാകുന്നുവെങ്കിൽ സംഭവിക്കാം. പക്ഷേ, ഇതെല്ലാം സാങ്കല്പിക കാര്യങ്ങളാണ്.(ബറാഹീനെ അഹ്‌മദിയ്യ, റൂഹാനീഖസാഇൻ വാള്യം 1, പേജ് 101–102, ബാക്കി അടിക്കുറിപ്പ് നമ്പർ 9)

ഇതൊരിക്കലും സംഭവിക്കുക സാധ്യമല്ല. കാരണം താനിത് സുരക്ഷിതമാക്കിവെക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഈ ലക്ഷ്യത്തിനു വേണ്ടിയാണു അയച്ചത്. ഇതാണ് നമ്മുടെ ജോലിയും.

വീണ്ടും അദ്ദേഹം പറയുന്നു: "മോക്ഷത്തിന് അല്ലാഹു കൂടെക്കൂടെ പറയുന്നതെന്തെന്നാൽ ആദ്യം സത്യഹൃദയത്തോടെ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നു മനസ്സിലാക്കുകയും നബി(സ)തിരുമേനിയെ സത്യപ്രവാചകനാണെന്ന് ദൃഢമായി വിശ്വസിക്കുകയും വിശുദ്ധ ഖുർആനിനെ ദൈവിക ഗ്രന്ഥമായി ഉൾക്കൊള്ളുകയും ഇനി ഖിയാമത്തുന്നാൾവരെയും ഒരു ഗ്രന്ഥവും ന്യായപ്രമാണവും വരികയില്ലെന്ന് ഉൾക്കൊള്ളുകയും വേണം. അതായത് വിശുദ്ധ ഖുർആനുശേഷം ഇനി ഒരു ഗ്രന്ഥത്തിന്റേയും ആവശ്യമില്ല."(മൽഫൂദാത്ത് വാള്യം 6, പേജ് 236, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ പ്രതാപത്തെ കുറിച്ച് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആനിന് തത്തുല്യമായത് കൊണ്ടുവരാൻ കഴിയുമെന്ന് വാദിക്കുന്നവർക്ക് ദൈവിക ശാപമാണ്. വിശുദ്ധ ഖുർആൻ അത്ഭുതമാകുന്നു. അതിന് തത്തുല്യമായത് ജിന്നിനും ഇൻസിനും കൊണ്ടുവരാൻ കഴിയില്ല. അതിൽ അഭൗമികമായ ജ്ഞാനങ്ങളും മേന്മകളും സമ്മേളിപ്പിച്ചിരിക്കുന്നു. അതിനെ മനുഷ്യന്റെ അറിവ്കൊണ്ട് സ്വരുക്കൂട്ടാൻ സാധ്യമല്ല. ഈ ദൈവിക വെളിപാടിന് തത്തുല്യമായ മറ്റൊരു വെളിപാടുമില്ല; റഹ്‌മാനായ നാഥനിൽനിന്ന് ഇതിനു ശേഷവും വഹി ഇറങ്ങുന്നതാണെങ്കിലും ശരി. കാരണം വഹി പ്രതാപമുണ്ട്. ഖാത്തമുൽ അമ്പിയാ(സ)നുമേൽ അവതരിച്ച ദൈവിക പ്രതാപം മറ്റു ആർക്കുമേലും അതായത് മുൻകഴിഞ്ഞവർക്കും ഇനി വരാനുള്ളവർക്കും മേൽ ഇറങ്ങുകയില്ലെന്നത് ദൃഢമായ കാര്യമാകുന്നു. വിശുദ്ധ ഖുർആനിന്റെ വഹിയുടെ പ്രതാപം ഔലിയാക്കളുടെ വഹിയുടെ മേന്മ പോലെയല്ല. ഔലിയാക്കൾക്കും വഹി ഉണ്ടാകാം. പക്ഷേ, അതിന് പ്രസ്തുത പ്രതാപം ഉണ്ടാകുന്നതല്ല; ഇനി അവർക്ക് ഖുർആനിന്റെ വാക്കുകൾപോലെ വഹി ഇറങ്ങുകയാണെങ്കിലും ശരി. അതുകൊണ്ട് ഖുർആനിന്റെ ദിവ്യജ്ഞാനങ്ങളുടെ വൃത്തം എല്ലാ വൃത്തങ്ങളെക്കാളും വലുതാകുന്നു. ഇതിൽ എല്ലാത്തരം വിജ്ഞാനങ്ങളും അത്ഭുതങ്ങളും മറഞ്ഞിരിക്കുന്ന കാര്യങ്ങളും സ്വരൂപിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ആഴത്തിലുള്ള കാര്യങ്ങൾ വളരെ ഉന്നതമായ തലത്തിൽ എത്തിയിരിക്കുന്നു. അത് വിവരണത്തിലും തെളിവുകളിലും ഏറ്റവും മികച്ചതാകുന്നു. അതിലേറ്റവുമധികം ദിവ്യജ്ഞാനങ്ങളുമുണ്ട്. അത് അല്ലാഹുവിന്റെ അത്ഭുതകരമായ വചനങ്ങളാകുന്നു,. അതിന് സമാനമായത് കാതുകളൊന്നും കേട്ടിട്ടില്ല. അതിന്റെ പ്രതാപത്തിന്റെ അടുത്ത് ജിന്നിന്റെയും ഇൻസിന്റെയും വചനങ്ങളെത്തുകയുമില്ല. ചുരുക്കത്തിൽ വിശുദ്ധ ഖുർആനും മറ്റു വചനങ്ങളും തമ്മിലുള്ള ഉദാഹരണം ഒരു സ്വപ്നം പോലെയാണ്. അതായത് നീതിമാനും വളരെ ധൈര്യവാനും ബുദ്ധിമാനുമായ ഒരു രാജാവ് ഒരു സ്വപ്നം കണ്ടു. അതായത് അതിന്റെ ഉദാഹരണം ഒരു രാജാവ് കണ്ട സ്വപ്നം പോലെയാകുന്നു. അയാൾ വലിയ നീതിമാനും യോദ്ധാവുമാ യിരുന്നു. അതെ സ്വപ്നം തന്നെ ഒരു സാധാരണക്കാരനും കാണുന്നു. അയാൾ അറിവിലും ധൈര്യത്തിലും കുറവുള്ളയാളാണ്. ഇനി മറ്റൊരാളും ഇതേ സ്വപ്നം കാണുന്നു. അയാളുടെ അവസ്ഥ ഒരു സാധാരണക്കാരന്റെ പോലെയല്ല. ബുദ്ധിയും കുറവാണ്. ധൈര്യവുമില്ല. ആകയാൽ രാജാവ് കണ്ട സ്വപ്നവും ഒരു സാധാരണക്കാരന്റെ സ്വപ്നവും പ്രത്യക്ഷത്തിൽ ഒന്നുതന്നെയാണ്. സമാനമായ സ്വപ്നങ്ങളാണ്. എന്നാൽ, ബുദ്ധിമാനും സ്വപ്ന വ്യാഖ്യാതാവുമായ ഒരാളുടെ വീക്ഷണത്തിൽ അത് ഒരുപോലെയല്ല. ബുദ്ധിമാനായ ഒരു വ്യാഖ്യാതാവ് ഇത് ഒരുപോലെയുള്ള സ്വപ്നം അല്ലെന്നു പറയും. കാരണം നീതിമാനായ രാജാവിന്റെ വ്യാഖ്യാനം വളരെ ഉയർന്നതും പൊതുവിൽ പ്രയോജനകരവുമായിരിക്കും. അത് എല്ലാവർക്കും നന്മയും നിരവധി ശരിയായ കാര്യങ്ങളുള്ളതും സംശുദ്ധവുമായിരിക്കും. ആ സ്വപ്നം വലിയ വൃത്തത്തിലാണുള്ളത്. എന്നാൽ, ഒരു സാധാരണക്കാരന്റെ സ്വപ്നം കൂടുതലും ഒരുപാട് പൊടിപടലങ്ങൾ നിറഞ്ഞതും അവ്യക്തവുമായിരിക്കും. മാത്രമല്ല അതിന്റെ പ്രഭാവം തന്റെ മക്കളിലേക്കും പേരമക്കളിലേക്കും അതല്ലെങ്കിൽ ഏതാനും സുഹൃത്തുക്കളിലേക്കും മാത്രമാണ്. വളരെ ചുരുങ്ങിയ വൃത്തമാണ്. അയാളുടെ കുടുംബത്തിന്റേത് ചെറിയ വൃത്തമാണ്. മക്കളോ പിതാവോ അതല്ലെങ്കിൽ കുടുംബക്കാരോ സുഹൃത്തുക്കളോവരെ മാത്രമായിരിക്കും. അതിൽ നിന്ന് എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ അത് ഈ പറഞ്ഞവരിൽ മാത്രമാണെത്തുക. ഇനി അന്യരെയും അതിൽ ഉൾപ്പെടുത്തുകയാണെങ്കിൽത്തന്നെ അതിൽ ഉൾപെടുന്നവർ വളരെ സമീപസ്ഥരായിട്ടുള്ള ആളുകളുടെ തലംവരെ മാത്രമെ എത്തുകയുള്ളു. അതായത് അത് സമീപസ്ഥരിൽ തന്നെ ഒതുങ്ങുന്നതാണ്. അയാൾക്ക് അറിയാവുന്ന തലംവരെ മാത്രം. അതിന്റെ പ്രഭാവം പല്ലക്കുകളിൽനിന്ന് ഇറങ്ങി കൂടുകളിലേക്ക് ചുരുങ്ങുന്നു. ഇത് ഒരു ശൈലി എന്ന രീതിയിലാണ് ആ മഹാത്മാവ് പറഞ്ഞിട്ടുള്ളത്. അതായത് വളരെ പരിമിതമായിരിക്കും എന്ന് ചുരുക്കം. അതിന്റെ വിശാലത ആ പരിധിവരെ മാത്രമായിരിക്കും. എന്നാൽ, വിശുദ്ധ ഖുർആനിന്റെ അവസ്ഥ അത് ജനവാസത്തിന്റെ എല്ലാ വൃത്തങ്ങളെയും മറികടക്കുന്നു. വളരെ വിശാലമാണ്. വിശുദ്ധ ഖുർആൻ എന്ന ഗ്രന്ഥത്തിനു കീഴിൽ ദിവ്യജ്ഞാനങ്ങളുടെ അരുവി നിർഗ്ഗമിക്കുന്നു. ചിലയ്ക്കുന്ന ഒരു പക്ഷിക്കും അതിനുമേൽ പറക്കാൻ സാധ്യമല്ല. ചിന്താപരമായ കാര്യം അവതരിപ്പിക്കാൻ സാധ്യമല്ല. എല്ലാ ഭാണ്ഡക്കെട്ടുകാരും ഇതിന്റെ ഖജനാവിൽനിന്ന് എന്തെങ്കിലുമൊക്കെ എടുക്കുന്നു. എന്റെ വീക്ഷണത്തിൽ സംസാരിക്കുന്ന ഓരോരുത്തരും ഈ കടത്തിൽ അകപ്പെടാതെ കണ്ട് നിർധനരാണ്. ഇവിടെ നിന്ന് പ്രയോജനം ഉൾക്കൊള്ളുന്നില്ലെങ്കിൽ ആരുടെ വചനവും ശരിയാകാൻ സാധ്യമല്ല. കടക്കാരനോട് ശക്തമായി ആവശ്യപ്പെടുകയും ഖാളിയുടെ അടുത്തുവരെയെത്തി അയാളുടെ പൈസ ചോദിക്കുകയും ചെയ്യുന്നു. എന്നാൽ, വിശുദ്ധഖുർആൻ ഞെരുക്കമുള്ളവർക്ക് സത്യസാക്ഷ്യങ്ങൾ നൽകുന്നു. എല്ലാ ഞെരുക്കങ്ങളും ഇല്ലാതാക്കുന്നു. മാത്രമല്ല ആത്മാർഥതയുള്ളവർക്ക് സ്വർണനാണയങ്ങളും നൽകുന്നു.

മറ്റുള്ളവർ തങ്ങളുടെ വായ്പ വാങ്ങിയവരോട് കേസുകൾവരെ നടത്തുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ അഭൗമിക വിജ്ഞാനങ്ങളുടെ അരുവിതന്നെ ഒഴുക്കുന്നു. ഇത് സ്വർണ്ണക്കട്ടികൾ കിട്ടുന്നതു പോലെയാണ്. വായ്പക്കാർക്ക് നൽകുന്നതിനുള്ള ഔദാര്യം പറയുന്നില്ല. മറിച്ച്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം : •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.' (സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

അവർക്ക് സ്വർണം ശേഖരിക്കാനുള്ള പ്രചോദനം നൽകുന്നു. അവിടന്ന് പറഞ്ഞു: "........ ഞങ്ങൾ ഒന്നാമതായി കൂജകളായി, പിന്നെ വിശുദ്ധ ഖുർആനിന്റെ നദികൊണ്ട് നിറഞ്ഞു കവിഞ്ഞു."(അൽഹുദാ, റൂഹാനീ ഖസാഇൻ വാള്യം 18 പേജ് 275–278) എന്റെ അവസ്ഥയെ കുറിച്ച് ചോദിക്കുകയാണെങ്കിൽ, ഞാൻ ആദ്യം ഒരു പാത്രമായി.പിന്നീട് വിശുദ്ധ ഖുർആൻ എന്ന നദിയിലെ വെള്ളംകൊണ്ട് ഞാൻ എന്നെത്തന്നെ നിറച്ചു. അറബി വാചകങ്ങൾ ഇങ്ങനെയാണുള്ളത്. അതിന് അതിന്റേതായ ശൈലിയുണ്ട്. അതുകൊണ്ടാണ് തർജമയും അങ്ങനെ തന്നെ ചെയ്തിട്ടുള്ളത്.

അദ്ദേഹം പറയുന്നു: "എന്റെ വീക്ഷണത്തിൽ വിശുദ്ധ ഖുർആനിന്റെ അത്ഭുതത്തെ നിരാകരിക്കുകയും തന്റെ വാക്കുകളെയും സംവിധാനത്തെയും സ്ഥായിയായ എന്തെങ്കിലുമൊക്കെയാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നവനുമേൽ അല്ലാഹുവിന്റെ ശാപമാണുള്ളത്. അല്ലാഹുവാണ! നാം ഈ അരുവിയിൽനിന്ന് കുടിക്കുകയും അതിന്റെ സൗന്ദര്യം മുഖേന സൗന്ദര്യമുള്ളവനായിത്തീരുകയും ചെയ്തു. അതുകൊണ്ടാണ് നമ്മുടെ വചനങ്ങളിൽ പ്രകാശവും പരിശുദ്ധിയുമുള്ളത്. നമ്മുടെ സംസാരത്തിലും വെളിച്ചവും നവീനതയും ഭംഗിയും തിളങ്ങുന്നത്. എനിക്കു മേൽ വിശുദ്ധഖുർആനിന്റെ അല്ലാതെ മറ്റാരുടെയും ഔദാര്യമല്ല. അതെന്നെ പരിപാലിക്കുന്നു. മാതാപിതാക്കൾക്കുപോലും അതുപോലെ പരിപാലിക്കാൻ സാധ്യമല്ല. അല്ലാഹു അതുമുഖേന രുചികരമായ ജലം കുടിപ്പിക്കുകയുണ്ടായി. നാം അതിനെ പ്രകാശിക്കുന്നതും സഹായിക്കുന്നതുമായി കണ്ടെത്തുകയും ചെയ്തു." (അൽഹുദാ, റൂഹാനീ ഖസാഇൻ വാള്യം 18 പേജ് 279)

അദ്ദേഹം പറഞ്ഞു: "എന്നോടൊപ്പം അല്ലാഹുവിന്റെ ഏതെങ്കിലും അടയാളം ഇല്ലാതിരിക്കുകയും അവന്റെ സഹായവും പിന്തുണയും എന്റെകൂടെ ഇല്ലാതിരിക്കുകയും ഞാൻ വിശുദ്ധഖുർആനിൽനിന്ന് തെന്നിമാറി ഏതെങ്കിലും വഴി ഉണ്ടാക്കുകയോ ഖുർആനിക കല്പനകളിലും ശരീഅത്തിലും എന്തെങ്കിലും കൈകടത്തുകയോ ദുർബലപ്പെടുത്തുകയോ നബി(സ)തിരുമേനിയെ പിൻപറ്റുന്നതിൽനിന്ന് പുറത്ത് പുതിയ മാർഗം സ്വീകരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ, ഈ ആൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ശത്രുവാണെന്നും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ എതിർക്കുന്നവനും ദുർബലപ്പെടുത്തവനുമാണെന്നുമുള്ള ജനങ്ങളുടെ ആരോപണം ബുദ്ധിപൂർവവും സ്വീകാരയോഗ്യവും ആകുമായിരുന്നു. ഞാൻ വിശുദ്ധ ഖുർആനിന്റെയും നബി(സ)തിരുമേനിയുടേയും പാഠങ്ങൾക്കുപുറമെ എന്തെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഇയാൾ 'മൻസൂഖ്' ചെയ്യുന്നവനും ധിക്കാരിയുമാണെന്നു പറയാൻ അവകാശമുണ്ടാകുമായിരുന്നു. മാത്രമല്ല നിങ്ങൾക്ക് എന്നെ ഫാസിക്കും ഫാജിറും ധിക്കാരിയും മുർത്തദ്ദുമാണെന്ന് പറയാമായിരുന്നു. എന്നാൽ, ഞാൻ വിശുദ്ധ ഖുർആനിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. നബി(സ)തിരുമേനി കൊണ്ടുവന്ന ശരീഅത്തിൽ ഒരു വള്ളിയോ പുള്ളിയോ മാറ്റം വരുത്തുകയും ചെയ്തിട്ടില്ല. ഞാൻ വിശുദ്ധ ഖുർആനിന്റെയും ഖുർആനിക കൽപ്പനകളുടെയും സേവനത്തിനും നബി(സ)തിരുമേനിയുടെ പരിശുദ്ധമതത്തിന്റെ സേവനത്തിനുംവേണ്ടി കച്ച മുറുക്കിയിരിക്കുന്നു. ജീവൻപോലും ഞാൻ ഈ മാർഗത്തിൽ അർപ്പിച്ചിരിക്കുന്നു. ഞാൻ ഉറപ്പായും വിശ്വസിക്കുന്നതെന്തെന്നാൽ, വിശുദ്ധ ഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥവും സമ്പൂർണവും പരിപൂർണവുമായിട്ടില്ല. അതിനെ പരിപൂർണമായി അനുസരിക്കുകയും നബി(സ)തിരുമേനിയെ പിൻപറ്റുകയും ചെയ്യാതെ മോക്ഷം സാധ്യമല്ല. വിശുദ്ധ ഖുർആനിൽ ഏറ്റക്കുറച്ചിൽ വരുത്തുന്നവനും നബി(സ)തിരുമേനിയുടെ അനുസരണത്തിന്റെ നുകം തങ്ങളുടെ കഴുത്തിൽനിന്ന് ഇറക്കിവെക്കുന്നവനും കാഫിറും മുർത്തദ്ദുമാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അതായത് നബി(സ)തിരുമേനിയെ പിൻപറ്റുന്നതിൽനിന്ന് പുറത്ത് പോകുന്നവൻ, അതിന്റെ നുകം തന്റെ കഴുത്തിൽനിന്നിറക്കി വെക്കുന്നവൻ മുർത്തദ്ദും കാഫിറുമാകുന്നു. ഇത്തരം ഒരവസ്ഥയിൽ എന്റെ സത്യസാക്ഷ്യത്തിന് ആയിരക്കണക്കിന് അടയാളങ്ങൾ വെളിപ്പെട്ടിരിക്കുന്നു. അതായത് എന്റെ വാദങ്ങൾ മാത്രമല്ല പ്രത്യുത അല്ലാഹു ദൃഷ്ടാന്തങ്ങളും കാണിച്ചിരിക്കുന്നു. മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച നബി(സ)തിരുമേനിയുടെ പ്രവചനങ്ങളും വിശുദ്ധ ഖുർആനിന്റെ പ്രവചനങ്ങളും പൂർത്തിയായിരിക്കുന്നു. മാത്രമല്ല അല്ലാഹു താൻ തന്നെ മസീഹ് മൗഊദ്(അ) മുഖേന പ്രവചനങ്ങൾ നടത്തുകയും അത് പൂർത്തിയാവുകയും ചെയ്തു. പൂർത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു ഇന്നുവരെയും എന്നെ പിന്തുണച്ചുകൊണ്ട് ആകാശത്തും ഭൂമിയിലും അടയാളങ്ങൾ പ്രകടമാക്കി. എന്നെ വ്യാജനെന്നും കറ്റുകെട്ടുകാരനെന്നും ദജ്ജാൽ എന്നും വിളിക്കുകയും എന്നെ പരിഗണിക്കാതിരിക്കുകയും എന്റെ വാക്കുകൾക്ക് ചെവികൊടുക്കാതിരിക്കുകയും ചെയ്യുന്നവർ തീർച്ചയായും അറിഞ്ഞു കൊള്ളുക, അല്ലാഹു അവരെ പിടികൂടാതെ ഒരിക്കലും വിടുന്നതല്ല."(മൽഫൂദാത്ത് വാള്യം 10, പേജ് 308 –309, 1984 പതിപ്പ്)എപ്പോഴെങ്കിലും തീർച്ചയായും അവരെ പിടിക്കുകതന്നെ ചെയ്യും. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ. അതിലാണ് നമ്മൾ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നത്. അദ്ദേഹം മുഖേനയാണ് ഖുർആനിക ദിവ്യജ്ഞാനങ്ങൾ നമ്മളിലേക്കെത്തിയത്. അദ്ദേഹം ഖുർആനിനെ പരിപൂർണമായും പിൻപറ്റുകയും നമുക്ക് ഖുർആനിന്റെ അഭൗമിക ജ്ഞാനങ്ങൾ നൽകുകയും ചെയ്തു.

വിശുദ്ധ ഖുർആനിനെ ഇകഴ്ത്തുന്നു നഊദുബില്ലാഹ് എന്ന് ആ മഹാത്മാവിനുമേലും അദ്ദേഹത്തിന്റെ ജമാഅത്തിനുമേലും ആരോപണം ഉന്നയിക്കുന്നവർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത് ഒരു ദൈവനിയോഗിതന്റെ വാക്കുകളാകുന്നു.

ഇവർ തങ്ങളുടെ ശാഠ്യം നിമിത്തം പിന്മാറുന്നില്ല. അല്ലാഹു അവരെ പിടികൂടാതെ വിടുന്നതുമല്ല. അവരെ എങ്ങനെ പിടിക്കണമെന്നും ചോദ്യം ചെയ്യണമെന്നും അല്ലാഹുവിന് മാത്രമേ നന്നായി അറിയുകയുള്ളൂ.

വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സ്ഥലങ്ങളിൽ ചില കല്പനകളെ കുറിച്ചുള്ള കാര്യങ്ങളും വിവരിച്ചിട്ടുണ്ട്. അല്പം ചിലത് ഞാനിവിടെ വിവരിക്കുകയാണ്.

നീതി സ്ഥാപിക്കുന്നത് സംബന്ധിച്ച ഖുർആനിന്റെ ഉന്നതമായ അധ്യാപനങ്ങളെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: "മക്കയിലെ കാഫിരീങ്ങൾ ചെയ്തതുപോലെ അനാവശ്യമായി പീഡിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും രക്തം ചിന്തുകയും തുടർച്ചയായി ശല്യം ചെയ്യുകയും കുട്ടികളെയും സ്ത്രീകളെയും കൊല ചെയ്യുകയും ചെയ്യുന്ന സമൂഹങ്ങളും പിന്നെ കലാപങ്ങളിൽനിന്ന് പിന്മാറാതിരിക്കുന്നവരുമായുള്ള ഇടപാടുകളിൽ നീതിപൂർവ്വം വർത്തിക്കുക എത്രമാത്രം ദുഷ്കരമായിരിക്കും. ഇത്രമാത്രം ദ്രോഹങ്ങൾ ചെയ്യുന്നവരോടും നീതിപൂർവ്വം വർത്തിക്കണമെന്നു ഖുർആൻ പഠിപ്പിക്കുന്നു. ഇത് വളരെ പ്രയാസമുള്ള കാര്യമാണ്. എന്നാൽ, വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഇത്തരത്തിലുള്ള കഠിന ശത്രുവിന്റെ അവകാശങ്ങളെയും നഷ്ടപ്പെടുത്തിയിട്ടില്ല. അവരോടും നീതിനിഷ്ഠമായി പെരുമാറാൻ കൽപിക്കുന്നു."(നൂറുൽഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാള്യം 9പേജ് 409)

ഈ നിയമങ്ങൾ സാമൂഹികമായ സമാധാനത്തിനുള്ള ജാമ്യമാണ്. ഇന്ന് ഭൗതിക യുദ്ധത്തിൽ മുഴുകുന്ന സമൂഹങ്ങൾ ഈ നിയമങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയും. അല്ലെങ്കിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥകൾ ഭയാനകമായ നാശത്തിലേക്കാണ് കൊണ്ടുപോകുന്നത്. അത് ഒരു രാഷ്ട്രത്തിന്റെ പ്രയത്നമാണെങ്കിലും മറ്റേതെങ്കിലും രാജ്യത്തിന്റെ പ്രയത്നമാണെങ്കിലും ഒരു രാഷ്ട്രത്തിന്റെ നേതാവിന് മറ്റൊരു രാഷ്ട്രത്തിൽ സമാധാനത്തോടുകൂടി പോകാൻ കഴിയണം. നീതി സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ നാശം ഉറപ്പാണ്.

ഒരു ഉദാഹരണത്തിലൂടെ അദ്ദേഹം പറയുന്നു: "ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ കാലഘട്ടത്തിലൂടെ കണ്ണോടിക്കുകയാണെങ്കിൽ ബഹുഭാര്യത്വം എത്രമാത്രം പരിധി വിട്ടിരുന്നുവെന്ന് അറിയുന്നതാണ്." വിവാഹങ്ങൾ ചെയ്തിരുന്നു. എത്രയോ ഭാര്യമാരെ വെച്ചിരുന്നു. എൺപതും നൂറും ഭാര്യമാർ ഉണ്ടാകുമായിരുന്നു. അക്രമപരമായി സ്ത്രീകളോട് പെരുമാറിയിരുന്നു. സ്ത്രീകൾക്കുമേൽ എത്രമാത്രം ദ്രോഹമായിരുന്നു. "അതുകൊണ്ട് ഈ എല്ലാ അതിർലംഘനങ്ങളെയും ഇല്ലാതാക്കി വിശുദ്ധഖുർആൻ ലോകത്തിനുമേൽ ഔദാര്യം ചെയ്തുവെന്ന് സമ്മതിക്കേണ്ടിവരും." (ആര്യാധറം, റൂഹാനീ ഖസാഇൻ വാള്ം 10 പേജ് 45)

ഇത് അല്ലാഹുവിന്റെ ഔദാര്യമാകുന്നു. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ ഔദാര്യമാകുന്നു. ഖുർആനികാധ്യാപനങ്ങൾ മുഖേന അല്ലാഹു ഇത്തരം എല്ലാ തെറ്റായ കാര്യങ്ങളെയും അവസാനിപ്പിച്ചു. സ്ത്രീകൾക്ക് ഒരു അന്തസ്സും ഇല്ലായിരുന്നു. വിവാഹങ്ങൾക്ക് ഒരു പരിധിയുമി ല്ലായിരുന്നു. അവർക്ക് അവരുടെ അവകാശങ്ങൾ നൽകിയിരുന്നില്ല. അതെല്ലാം വിശുദ്ധഖുർആൻ നൽകുകയുണ്ടായി. ഇസ്ലാമിനുമുമ്പേ അതെക്കുറിച്ചുള്ള ചിന്തപോലും ഇല്ലായിരുന്നു.

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആൻ കേട്ടുകേൾവിയിൽ മാത്രം പരിമിതമല്ല. കാരണം അതിൽ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുന്നതിൽ വലിയ ബുദ്ധിപരമായ തെളിവുകളുണ്ട്. അത് വിവരിച്ചിട്ടുള്ള വിശ്വാസങ്ങളും തത്ത്വങ്ങളും കൽപനകളും തുടങ്ങി ഒന്നിലു തന്നെ നിർബന്ധം ചെലുത്തിയിട്ടില്ല. അതായത് കല്പനകളിൽ ഒരു നിർബന്ധവും ചെലുത്തുന്നില്ല. അല്ലാഹു പറയുന്നു: "..........ലാ ഇക്റാഹ ഫിദ്ദീൻ. അതായത് ദീനീ കാര്യങ്ങൾ ബലംപ്രയോഗിച്ച് അംഗീകരിപ്പിക്കുന്നില്ല. ദീനിപരമായ കാര്യങ്ങളൊന്നും നിർബന്ധപൂർവ്വം അംഗീകരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രത്യുത എല്ലാ കാര്യങ്ങൾക്കും തെളിവ് നൽകുന്നു."(ഇസ്ലാമി ഉസ്വൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാള്യം 10 പേജ് 433) തെളിവുകൾ നൽകിക്കൊണ്ടാണ് അത് മുന്നിൽ വെക്കുന്നത്. പിന്നെ അംഗീകരിക്കാൻ ശ്രദ്ധ ക്ഷണിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ സമ്പൂർണമാണെന്നു പറഞ്ഞുകൊണ്ട് ലോകത്തെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "നമ്മുടെ ദൈവം ഹൃദയാന്തരങ്ങളിലുള്ള രഹസ്യങ്ങൾ നല്ലവണ്ണം അറിയുന്നു. ആരെങ്കിലും വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളിൽ ആയിരത്തിൽ ഒരംശമെങ്കിലും ന്യൂനത കാണിക്കുകയാണെങ്കിൽ അല്ലെങ്കിൽ തങ്ങളുടെ ഏതെങ്കിലും ഗ്രന്ഥത്തിൽ ഒരു കണികയെങ്കിലും ഇതിനേക്കാൾ മികച്ചത് സ്ഥാപിക്കുകയാണെങ്കിൽ അത് ഖുർആനിക അധ്യാപനങ്ങൾക്ക് വിരുദ്ധവും അതിനേക്കാൾ മികച്ചതുമാണെങ്കിൽ ഞാൻ സത്യം ചെയ്തു പറയുന്നു, ഞാൻ മരണശിക്ഷ സ്വീകരിക്കാൻ തയ്യാറാണ്."(ബറാഹീനെ അഹ്മദിയ്യ ഭാഗം 3, റൂഹാനീ ഖസാഇൻ വാല്യം 1,പേജ് 298, ബാക്കി അടിക്കുറിപ്പ് നമ്പർ 2)

അതുകൊണ്ട് ഈ വാദം എങ്ങനെയുള്ളതാണെന്നാൽ, തികവുറ്റ വിശ്വാസവും അനുഭവജ്ഞാനവുമില്ലാതെ അതുന്നയിക്കാൻ സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിൽ വിശ്വസിക്കുകയും പിന്നെ അല്ലാഹു എന്താണ് ഖുർആനിൽ പറഞ്ഞതെന്ന് ചിന്തിക്കുകയുമാണെങ്കിൽ ഭൗതിക ലോകത്തെ ഉപേക്ഷിച്ച് ഉന്മാദിയെ പോലെ ദൈവത്തിന്റേതായി തീരുന്നതാണ്."(മൽഫൂദാത്ത് വാല്യം 7, പേജ് 28, 1984 പതിപ്പ്)

സമ്പൂർണമായ വിശ്വാസം ഉണ്ടായിരിക്കുകയും വിശുദ്ധ ഖുർആനിനെ വിചിന്തനം ചെയ്യുകയുമാണെങ്കിൽ ഭൗതികലോകത്തിനു പകരം എപ്പോഴും ഖുർആനിൽ ശ്രദ്ധയുണ്ടാകും. അല്ലാഹു നമുക്ക് ഈ തിരിച്ചറിവ് നൽകുമാറാകട്ടെ.

ആ മഹാത്മാവ് പറയുന്നു: "ഇന്ന് ഭൂമുഖത്ത് ദൈവികഗ്രന്ഥങ്ങളിൽ പരിശുദ്ധ ഫുർഖാൻ മാത്രമാണ് ദൈവവാക്യങ്ങളെന്ന് ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിന്റെ മോക്ഷതത്ത്വങ്ങൾ സത്യത്തിന്റേയും മനുഷ്യപ്രകൃതിയുടേയും ചോദനങ്ങൾക്ക് തികച്ചും അനുയോജ്യമായിട്ടുള്ളതാകുന്നു. ശക്തിയുക്തവും അനിഷേധ്യങ്ങളുമായ സാക്ഷ്യങ്ങളുടെ പൂർണമായ പിൻബലമുള്ള സിദ്ധാന്തങ്ങളാണ് അത് മുന്നോട്ടു വച്ചിട്ടുള്ളത്. അതിന്റെ കല്പനകളെല്ലാം സത്യാധിഷ്ഠിതമാണ്. അതിന്റെ പാഠങ്ങൾ പൊയ്ദൈവഭാവനയുടെ കലർപ്പുകളിൽനിന്നും അനാചാരങ്ങളിൽനിന്നും തികച്ചും പരിശുദ്ധമാകുന്നു. 'തൗഹീദും' പൂർണമാ ദൈവമഹിമ വെളിപ്പെടുത്താനുള്ള ആത്യന്തികമായ ത്വരയും അതിൽ കാണാം. ആമൂലാഗ്രം ദൈവത്തിന്റെ ഏകതാപാഠങ്ങളാൽ നിർഭരവും അത്യുന്നതനായ ദൈവത്തിന്റെ സത്തയെ സംബന്ധിച്ചിടത്തോളം ന്യൂനതയുടെ കറയോ പോരായ്മകളോ അയോജ്യ ഗുണങ്ങളോ ആരോപിക്കാത്തതും ആണെന്ന ശ്രേഷ്ഠതയും അതിനുണ്ട്. അത് ഒരു വിശ്വാസവും ബലാൽക്കാരേണ അടിച്ചേല്പിക്കാനാഗ്രഹിക്കുന്നില്ല. പ്രത്യുത അതു നല്കുന്ന പാഠങ്ങളുടെ സത്യനിദാനങ്ങൾ ആദ്യം വിവരിച്ചു കാട്ടുന്നു. എല്ലാ ഓരോ ലക്ഷ്യവും അത് പ്രമാണങ്ങളും സാക്ഷ്യങ്ങളുംകൊണ്ട് സ്ഥാപിച്ചുറപ്പിച്ചിരിക്കുന്നു. ഓരോ തത്ത്വത്തിന്റേയും യാഥാർഥ്യം വ്യക്തമായ പ്രമാണങ്ങളാൽ വിവരിച്ചുകാട്ടിക്കൊണ്ട് പൂർണമാ യ ദൃഢവിശ്വാസത്തിന്റേയും പരമജ്ഞാനത്തിന്റേയും പടവിലോളം എത്തിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ വിശ്വാസങ്ങളിലും കർമങ്ങളിലും വാക്കിലും പ്രവർത്തിയിലും കടന്നുകൂടുന്ന കൊള്ളരുതായ്മകളും വൃത്തികേടുകളും ക്രമഭംഗങ്ങളും കുഴപ്പങ്ങളുമെല്ലാം തിളങ്ങുന്ന ദൃഷ്ടാന്തങ്ങളാൽ ദൂരീകരിക്കുകയും മനുഷ്യനെ മനുഷ്യനാക്കുന്നതിനു അത്യാവശ്യങ്ങളായിട്ടുള്ള സകല സംസ്കാരമര്യാദകളും അതു പഠിപ്പിക്കുകയും ചെയ്യുന്നു. ഇക്കാലത്ത് എത്ര ഊക്കോടെ തിന്മ പ്രചരിച്ചിട്ടുണ്ടോ അതേ ഊക്കിൽത്തന്നെ അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു. അതിലെ അധ്യാപനങ്ങൾ പ്രകൃതിനിയമങ്ങളുടെ ദർപ്പണമെന്നോണം പ്രത്യക്ഷവും സുശക്തവും സമതുലിതവുമാകുന്നു. അത് നൈസർഗിമായ നിയമങ്ങളുടെ ഒരു ദർപണവും പ്രകൃതിനിയമങ്ങളുടെ ഒരു ഛായാചിത്രവുമാകുന്നു. വിശുദ്ധ ഖുർആൻ ഹൃദയദൃഷ്ടികൾക്കും മനോനേത്രങ്ങൾക്കും പ്രകാശം ചൊരിയുന്ന പ്രത്യക്ഷസൂര്യനായി പ്രശോഭിക്കുന്നു."(ബറാഹീനെ അഹ്മദിയ്യ, ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 81–82)

ബുദ്ധിപരമായ കാര്യങ്ങൾ ഹ്രസ്വമായിരിക്കും. അവയെ വിശദമായ നിലയിൽ വിവരിക്കുകയും നഷ്ടം നികത്തുകയും ചെയ്യുന്നു.

അല്ലാഹു നമുക്ക് വിശുദ്ധഖുർആനിനെ ശരിയായ രീതിയിൽ പ്രാവർത്തികമാക്കാനും അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാനും അതിനെ മനസ്സിലാക്കാനും നമ്മുടെ ജീവിതങ്ങൾ അതനുസരിച്ച് വാർത്തെടുക്കാനും സൗഭാഗ്യം നൽകുമാറാകട്ടെ.

റമളാനിൽ ചെയ്യുന്നതുപോലെ റമളാനു ശേഷവും അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കുക.

റമളാനിൽ ജമാഅത്തിന്റെ എതിരാളികളുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപെടാൻ പ്രത്യേകമായി ദുആകൾ ചെയ്യുക. അല്ലാഹു എല്ലാ ദ്രോഹികളുടെയും കൈകളെ തടയുകയും അവരെ പിടികൂടാൻ സാഹചര്യമൊരുക്കുകയും ചെയ്യുമാറാകട്ടെ.

ലോകത്തെ പൊതുവിൽ എല്ലാ കുഴപ്പങ്ങളിൽനിന്നും രക്ഷിക്കുന്നതിന് ദുആ ചെയ്യുക. ഇപ്രകാരം ഫലസ്തീനിലും ഇപ്പോൾ വലിയ ഫസാദുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഫലസ്തീനിലെ മുസ്‌ലിമീങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ അക്രമികളുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. മുസ്‌ലിം നേതാക്കന്മാർക്കും തങ്ങളുടെ വ്യക്തിപരമായ പ്രയോജനങ്ങൾക്കുപരിയായി മുസ്‌ലിമീങ്ങളുടെ പൊതുവായ നന്മയെ സംരക്ഷിക്കാൻ ബുദ്ധി നൽകുമാറാകട്ടെ.

അല്ലാഹു ഈ റമളാനിൽ നമുക്ക് വേണ്ടി കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കവാടങ്ങൾ നേരത്തേതിലും നല്ല രീതിയിൽ തുറന്നുതരുമാറാകട്ടെ.

(പേജ് 1ൽനിന്ന്)

ജമാഅത്തും ഒരിക്കലും അങ്ങനെ വിചാരിക്കാൻ പാടില്ല. ഇക്കാര്യങ്ങൾ ദൈവികജമാഅത്തുകളുമായി ബന്ധപ്പെട്ടതാണ്. ഒരിക്കലും ഒരു ആത്മീയ ജമാഅത്തും ഇവ കൂടാതെ അഭിവൃദ്ധി കരസ്ഥമാക്കുകയില്ല. മറ്റൊരു സ്ഥലത്ത് അല്ലാഹു ഈ ത്യാഗങ്ങളുടെ ഇനത്തെവിവരിച്ചുകൊണ്ടു പറയുന്നു: *വലനബ്‌ലുവന്നക്കും ബിശയ്ഇൻമ്മിനൽ ഖൗഫി വൽജൂയി വ നഖ്സ്വിൻമ്മിനൽഅംവാലി വൽഅൻഫുസി വഥ്ഥമറാത്തി വ ബശ്ശിരിസ്സ്വാബിരീൻ* അൽപമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. അല്ലയോ നമ്മുടെ റസൂലേ! ഈ പരീക്ഷണങ്ങളുടെ കാലത്ത് തങ്ങളുടെ വഴിയിൽനിന്ന് മാറാതെ ശക്തമായി ദീനിന്റെ മാർഗത്തിൽ ത്യാഗങ്ങൾവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നവർക്ക് നമ്മുടെ ഭാഗത്തുനിന്ന് അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയിക്കുന്നതാണെന്ന സന്തോഷവാർത്ത അറിയിക്കുക. ചുരുക്കത്തിൽ ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തിടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരരണം കൂടാതെ കരസ്ഥമാകുകയില്ല. ധാന്യം മണ്ണുമായി ചേരാത്തിടത്തോളം മുളപൊട്ടുകയില്ല. ഗർഭപാത്രത്തിലെ ഇരുട്ടറകളിലൂടെ കടന്നുപോകാത്തിടത്തോളം കുട്ടി ജനിക്കുകയില്ല. ഇപ്രകാരം ഒരു മരണം വരിക്കാത്തിടത്തോളം ഒരു ജനതയും അഭിവൃദ്ധിപ്പെടുകയുമില്ല." (തഫ്സീറെ കബീർ വാല്യം 7, പേജ് 561)

THE WEEKLY
AL HAKAM
www.alhakam.org

നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

1800 3010 2131
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 1ൽനിന്ന്)

പെരുന്നാൾ ദിനവുമായിരിക്കും അവനെ ശാശ്വതമായ നരകത്തിൽനിന്നും എന്നെന്നും നി ലനില്ക്കുന്ന ദൈവകോപത്തിൽനിന്നും മോക്ഷം നല്കുന്നത്. ആദ്യം അല്ലാഹുവിൽനിന്നകന്നവനും അവന്റെ കോപത്തിന് കുറിമാനമാകുകയും ചെയ്ത തൗബ ചെയ്യുന്ന പാപി ഇപ്പോൾ അവന്റെ കൃപകൊണ്ട് അവനോടടുക്കുകയും നരകത്തിൽനിന്നും ശിക്ഷയിൽനിന്നും അകറ്റപ്പെടുകയും ചെയ്യുന്നു. *ഇന്നല്ലാഹ യുഹിബ്ബു തവ്വാബീന വ യുഹിബ്ബുൽ മുത്തത്വഹ്ഹിരീൻ* എന്ന് അല്ലാഹു പറഞ്ഞതു പോലെ!" (മൽഫൂദാത്ത് വാല്യം 4, പേജ് 114, 2003 പതിപ്പ് ഖാദിയാൻ)

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 6 ശനിയാഴ്ച**

### ജൽസാ സാലാന ജർമനി 2015
### ലജ്നാ സെഷൻ
### അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം

തുടർച്ച.....

എനിക്ക് ലഭിച്ച സൗഭാഗ്യമാണിത്. എനിക്ക് കാണാൻ കഴിഞ്ഞ ഇത്തരത്തിലുള്ള സാഹോദര്യബോധവും സ്നേഹവും സംവിധാനങ്ങളും മുമ്പേയൊരിക്കലും ചിന്തിക്കാൻകൂടി കഴിയില്ലായിരുന്നു.

ജൽസയിൽ നടന്ന പ്രഭാഷണങ്ങൾ മുഖേനയും വളരെ പ്രയോജനം കിട്ടി. അറിവിലും വർധന ലഭിച്ചു. ജൽസയിൽ പങ്കെടുത്ത ഇതര വ്യക്തികളുമായി സംസാരിച്ചതിനുശേഷം എന്റെ വിശ്വാസം കൂടുതൽ ശക്തമായി. ആത്മീയമായ പറക്കലിന് വിധേയമാകുന്നതായി ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ എനിക്കുതോന്നി. എനിക്ക് പുനർജനനം സംഭവിച്ചതുപോലെ അനുഭവപെട്ടു. ഈ ലോകവുമായി ഒരു ബന്ധവുമില്ലാത്തതുപോലെ എനിക്ക് തോന്നി. ഈയൊരവസ്ഥയെ കുറിച്ച് വിവരിക്കാൻ എനിക്ക് പ്രയാസമാണ്.

ബെൽജിയം ജർമനി ബോർഡറിൽ താമസിക്കുന്ന അഡാമൌ സൈഡൌ(Adamou Seidou) സാഹിബ് പറയുന്നു:

ഒരു സ്നേഹിതൻ മുഖേന അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് പരിചയമായി. എന്നാൽ, ജർമൻ ജൽസയിൽ പങ്കെടുക്കാൻ വരുന്നതിനു മുമ്പേ മതത്തിനേയും ജമാഅത്തിനേയും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ, ജൽസയിൽ പങ്കെടുത്തതിനുശേഷം എന്റെ വികാരങ്ങൾ തികച്ചും മാറി. ഞാൻ പരിഗണിക്കാതിരുന്ന ജമാഅത്ത് എന്റെ ജീവിതത്തിലെ സുന്ദര ദിനം ജൽസ സാലാനയുടെ രൂപത്തിൽ നല്കി.

ഞാനിവിടെ വന്നതിനുശേഷം ഒരു സ്വപ്നം കണ്ടു. ഞാൻ കടലിലാണ്. വളരെ പരിഭ്രമത്തിലുമാണ്. എന്നാൽ, അല്ലാഹുവിന്റെ ഭാഗത്തുനിന്നു എന്റെ ഹൃദയത്തിൽ സമാധാനം ഇറങ്ങുന്നു. പ്രസ്തുത സമാധാനം ഇപ്പോൾ ഉണർച്ചയിലും എനിക്ക് അനുഭവിക്കാൻ കഴിയുന്നു. ഈ സമാധാനം ജർമൻ ജൽസാ സാലാനയിൽ വന്നതിനാലാണ് എനിക്ക് ലഭിച്ചത്. ഈ ജൽസ എന്നെ തികച്ചും മാറ്റിമറിച്ചു.

✸ ഒരു കട്ടർ ക്രിസ്തീയനായ അർമേനിയൻ യുവാവ് തന്റെ സന്തോഷം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: ഇന്ന് ഞാൻ അതിരറ്റ നിലയിൽ സന്തോഷവാനാണ്. ഒരു അനുഗ്രഹീത മനുഷ്യനുമായി എനിക്ക് കൂടിക്കാഴ്ച നടത്താൻ സാധിച്ചിരിക്കുന്നു.

✸ ഒരു യുവാവ് സെം ഉതേബൈ(Cem Utebey) -ഇദ്ദേഹത്തിന്റെ ബന്ധം അലിവിസ(Alevism) വുമായിട്ടാണ്-പറയുന്നു: എല്ലാ സംവിധാനങ്ങളും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇത്രയധികം സമാധാനം ഇഷ്ടപ്പെടുന്ന മതമാണ് ഇസ്ലാമെന്ന് എനിക്കറിയില്ലായിരുന്നു. ഖലീഫയിൽ നിന്നുള്ള സ്നേഹവും ശാന്തിയും അനുഭവവേദ്യമായിരുന്നു.

✸ ഒരു അറേബ്യൻ യുവാവ് പറയുന്നു: ഖലീഫയുടെ കാര്യങ്ങൾ വളരെയധികം അഭിപ്രായരൂപീകരണം സൃഷ്ടിക്കുന്നതും അതിനു സമർപ്പിക്കുന്ന രീതി വളരെയധികം പ്രതികരണമുണ്ടാക്കുന്നതാണെന്നും തോന്നി. അദ്ദേഹത്തിന്റെ സാന്നിധ്യംതന്നെ ശാന്തത വെളിപ്പെടുത്തുന്നതായിരുന്നു. മുസ്ലിമായിട്ടുപോലും എനിക്ക് ഇത്തരമൊരു അറിവ് ഉണ്ടായിരുന്നില്ല.

✸ ലാറ്റ്വിയ(Latvia)രാജ്യ സ്വദേശിയായ ഡോക്ടർ വാൽഡിസ് സ്റ്റെയിൻസ്(Dr.Valdis Steins) സ്വാഹിബ് ഒരു ഉന്നത രാഷ്ട്രീയ പ്രവർത്തകനാണ്(Politician). യൂണിവേഴ്സിറ്റിയിൽ പ്രൊഫസറുമാണ്. ഇപ്പോൾ ഗവേഷണപഠനത്തിൽ(reserch) ഏർപെട്ടിട്ടുള്ള അദ്ദേഹം മതവിജ്ഞാനത്തിൽ(theology) ഗ്രന്ഥരചനയും ചെയ്യുന്നു. അദ്ദേഹം പറയുന്നു: ഇന്ന് കേൾക്കാൻ കഴിഞ്ഞ ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽനിന്ന് എനിക്ക് തോന്നിയത് ഞാനൊരു വിദ്യാർഥിയാണെന്നാണ്. ഞാനും തികച്ചും ഇതേ വീക്ഷണം സൂക്ഷിക്കുന്ന വ്യക്തിയാണ്. സമാധാനത്തിനുവേണ്ടി ഈ വീക്ഷണം അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ തൗറാത്തും വായിച്ചിട്ടുണ്ട്. മൂസാ(അ) നല്കിയ അധ്യാപനവും ഞാൻ വായിച്ചിട്ടുണ്ട്. ഞാനിത്തരത്തിലുള്ള കാര്യങ്ങളുടെ അന്വേഷണത്തിലായിരുന്നു.

അദ്ദേഹം പറഞ്ഞു: ധാരാളമാളുകളെ കാണാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. എന്നാലിന്ന് ഖലീഫത്തുൽ മസീഹിനെ കണ്ടപ്പോൾ അദ്ദേഹം സവിശേഷ വ്യക്തിത്വമാണെന്ന് മനസ്സിലാകുന്നു. ഇത്തരത്തിലുള്ള വ്യക്തികൾ ലോകത്ത് അധികം ലഭിക്കാറില്ല. അദ്ദേഹത്തിൽനിന്ന് യുക്തിജ്ഞാനവും സത്യസന്ധതയും പ്രാഗൽഭ്യവും വെളിപ്പെടുന്നു. എനിക്ക് മനുഷ്യരെ പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്നു. ഖലീഫ ഒരു സവിശേഷ മനുഷ്യനാണ്. അദ്ദേഹത്തിന് ഒരു വിചാരധാരയുണ്ട്. പറയുന്നതെന്തായാലും സത്യം മാത്രം പറയുന്നു.

✸ തുർക്കിയിൽനിന്നുവന്ന അറ്റില കാലിസ്കാൻ(Attila Caliscan) സാഹിബ് പറയു ന്നു: ആദ്യമായി ഖലീഫയെ ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. വളരെ സ്നേഹിക്കുന്ന വ്യക്തിയെന്ന് മനസ്സിലാകുന്നു. ചിന്തിക്കാതെയും മനസ്സിലാക്കാതെയും അദ്ദേഹത്തെ അവലംബിക്കാൻ സാധിക്കുന്നതാണ്. വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും കാര്യങ്ങളാണ് ഖലീഫ പറഞ്ഞതെല്ലാം. നിശ്ചയമായും നമ്മൾ ഈ അധ്യാപനങ്ങളെല്ലാം മറന്നു കഴിഞ്ഞു.

അദ്ദേഹം പറഞ്ഞു: ഖലീഫത്തുൽ മസീഹ് ഒരു സാധാരണ വ്യക്തിയാണെന്ന് തോന്നുന്നില്ല. എനിക്ക് വിവരിക്കാൻ സാധിക്കാത്ത ഒരു സവിശേഷകാര്യം അദ്ദേഹത്തിൽ നിലനില്ക്കുന്നുണ്ട്. സമയം കുറവായിരുന്നെങ്കിലും ഹുദൂർ അൻവർ തന്റെ പ്രഭാഷണത്തിൽ ഇസ്ലാമിന്റെ മൂല കാര്യങ്ങൾ വിശദീകരിച്ചു. വിവരിച്ച കാര്യങ്ങളെല്ലാം അതിശ്രേഷ്ഠമായിരുന്നു. പ്രത്യക്ഷ ഐക്യം സൃഷ്ടിക്കുന്ന അധ്യാപനങ്ങൾ ഖലീഫ നല്കി. സമാധാന സ്ഥാപനം സാധ്യമാക്കാൻ എല്ലാവരും സഹവർത്തിത്വത്തോടെ കഴിയേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞു. ഇസ്ലാമിന്റെ അടിസ്ഥാനരമായ അധ്യാപനങ്ങൾ മനുഷ്യരിലേക്ക് എത്തിക്കാൻ അഹ്മദിയ്യാ ജമാഅത്ത് ശ്രമിക്കുന്നു. അത്യുൽകൃഷ്ടമായ പ്രവൃത്തിയാണിത്.

✸ ഒരു ജർമൻ സ്നേഹിതൻ ഹെയ്കോ ഫാഹ്നികെ(Heiko Fahnice) പറയുന്നു: ഖലീഫയെ ദർശനം നടത്താനും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് കുറച്ച് മനസ്സിലാക്കാനും എനിക്കു സാധിച്ച ആദ്യ അവസരമായിരുന്നു ഇത്. ഖലീഫ വളരെയധികം സമാധാനപൂരിതനും സ്നേഹം കാത്തു സൂക്ഷിക്കുന്ന വ്യക്തിയുമാണെന്ന തോന്നലുണ്ടാകുന്നു. അദ്ദേഹം എന്തു പറഞ്ഞാലും സത്യംതന്നെ പറയുന്നു. എല്ലാ മനുഷ്യരും അതനുസരിച്ച് പ്രവർത്തന സജ്ജരാകാൻ തുടങ്ങിയാൽ സർവ്വലോകത്തും ശാന്തി പരക്കുന്നതാണ്. ഞാൻ പ്രതീക്ഷച്ചതിനെക്കാളധികമായി ഇസ്ലാമിനെ കുറിച്ച് ഇവിടെനിന്ന് പഠിച്ചു. വളരെ ആനന്ദമുണ്ടായി.

✸ ഒരു പോലീസ് ഓഫീസർ പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന ഇസ്ലാമിന്റെ അധ്യാപനങ്ങളെയാണ് ഞങ്ങൾ പോലീസുകാരും അന്വേഷിക്കുന്നത്.

✸ രണ്ടു മൂന്നു വിദ്യാർഥികൾ ഈ ജൽസയിൽ പങ്കെടുക്കാനെത്തിയിരുന്നു. അവർ പറയുന്നു: മാധ്യമങ്ങൾ സമർപിക്കുന്ന ഇസ്ലാമിന്റെ ചിത്രം ഗഹനീയമായ സ്വാധീനമുണ്ടാക്കുന്നതാണ്. എന്നാലിന്ന് ഇവിടെ വന്ന് ലാ ഇക്റാഹ ഫിദ്ദീൻ(മതത്തിൽ ഒരുവിധ ബലാൽക്കാരവുമില്ല) എന്ന സ്മരണയുള്ള തിലാവത്ത് ആദ്യം കേട്ടപ്പോഴും തുടർന്ന് ഖലീഫയുടെ പ്രഭാഷണം കേട്ടപ്പോഴും അടിസ്ഥാനപരമായ അധ്യാപനം എന്താണെന്ന് മനസ്സിലായി. നബി(സ)തിരുമേനി അവതരിപ്പിച്ചിട്ടുള്ള ഇസ്ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങൾ ഇന്നും സുസ്ഥിരമായി നിലനില്ക്കുന്നതായി ഇന്നാണ് ഞങ്ങൾക്ക് മനസ്സിലായത്. ഇസ്ലാമിലും രണ്ട് തരത്തിലുള്ള തീവ്രവാദമുണ്ടെന്ന് ഇന്ന് മനസ്സിലായി. കൂടുതൽ ഭൗതിക പ്രവർത്തനങ്ങളിൽമാത്രം മുഴുകുക എന്നതാണ് ഇവയിൽ ഒന്നാമത്തേത്. കൂടുതൽ തീവ്രത ഇഷ്ടപ്പെടുന്നതാണ് രണ്ടാമത്തേത്. ഇവ രണ്ടിനുമിടയിലുള്ള ഇസ്ലാമിന്റെ യഥാർഥ മുഖവും ഇന്ന് കണ്ടു. അത് അഹ്മദിയ്യാ ജമാഅത്താണ്.

ഇറ്റലിയിൽ(Italy)നിന്നു വന്ന ഒരു മഹിള പറയുന്നു: മസ്ജിദ് നബ്വിയെ സംബന്ധിച്ച് ഞാൻ സ്വപനം കണ്ടിരുന്നു. അതുകൊണ്ട് ഇസ്ലാമിനെ കുറിച്ച് ചിന്തിക്കുകയും ഇവിടുത്തെ ജൽസയിൽ പങ്കെടുക്കുകയും ചെയ്തു. ഇവിടുത്തെ തിലാവത്ത് കേട്ടപ്പോൾ യഥാർഥ ഇസ്ലാം ഇതു തന്നെയാണെന്ന് ഉറപ്പായി. ഇനി ഞാൻ ഇസ്ലാമിനെ കുറിച്ച് കൂടുതൽ പഠിക്കുന്നതായിരിക്കും.

✸ ക്രൊയേഷ്യയിൽ നിന്നു വന്ന രണ്ട് സ്ത്രീകൾ പത്രപ്രവർത്തകരാണ്. ഹുദൂറിന്റെ പ്രഭാഷണം കേട്ടതിനു ശേഷം പറഞ്ഞു: ഞങ്ങളിന്ന് അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടു. അദ്ദേഹത്തിന്റെ പ്രഭാഷണം ഞങ്ങളെ വളരെ സ്വാധീനിച്ചു. ഇവിടുത്തെ അന്തരീക്ഷം കണ്ടപ്പോൾ ഇസ്ലാമിനെ കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായം മാറി. ഇവിടെ ഞങ്ങൾ നല്ല സുഖം അനുഭവിക്കുന്നു.

✸ ബോസ്നിയായിൽ നിന്നും വന്ന ഒരു വ്യക്തി പറയുന്നു: 'ഹുദൂർ അൻവറിന്റെ പ്രഭാഷണം വളരെ ഇഷ്ടമായി. ഒരു ജീവനുള്ള ദൈവത്തെ കുറിച്ചുള്ള വീക്ഷണമാണ് ഹുദൂർ സമർപ്പിച്ചത്. ഇത്തരത്തിലുള്ള വാദം നടത്തുന്ന ഒരേയൊരു വിഭാഗം അഹ്മദിയ്യാ ജമാഅത്ത് മാത്രമേ ഇപ്പോഴുള്ളൂ. ഉന്നതനായ ദൈവം ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് വളരെ ലളിതവും എന്നാൽ, ഏറെ സുന്ദരവുമായ വാക്കുകളിൽ ഹുദൂർ അൻവർ വിശദീകരിച്ച് കാണിച്ചു. മനുഷ്യകുലത്തിന് ഇന്ന് ഇതുതന്നെയാണ്

ആവശ്യം. നിങ്ങൾ മറ്റുള്ളവരിൽനിന്ന് തികച്ചും വ്യത്യസ്തരാണെന്ന് എനിക്ക് അനുഭവവേദ്യമായി. യഥാർഥ ഇസ്‌ലാം നിങ്ങളുടെയടുക്കൽ മാത്രമാണിള്ളത്.

✷ ഹങ്കറിയിൽനിന്നു വന്ന ഒരു സ്നേഹിതൻ പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ വളരെ സവിശേഷമായി തിരഞ്ഞെടുക്കപ്പെട്ടതും മികച്ചതുമാണ്. വളരെ ആലോചിച്ചും വിവേകത്തോടും കൂടിയാണ് അദ്ദേഹം സംസാരിക്കുന്നത്. എനിക്ക് വളരെയധികം മുസ്‌ലിം സ്നേഹിതരുണ്ട്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തുമായി ബന്ധം സ്ഥാപിതമായതോടെയാണ് യഥാർഥ സമാധാനവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനവും അഹ്മദികളിലാണുള്ളതെന്ന് മനസ്സിലായത്. ലോകത്തിന്റെ മുമ്പിൽ അഹ്മദികൾ സമർപിക്കുന്ന സമാധാനത്തെ പ്രവർത്തനരംഗത്ത് നടപ്പിലാക്കുന്നവരാണ് അഹ് മദികൾ.

✷ ഒരു മുസ്‌ലിം സ്നേഹിതൻ പറയുന്നു: 'ഹുദൂർ അൻവറിന്റെ എല്ലാ വാക്കുകളും വളരെ നല്ലതായി തോന്നി. വളരെ മഹത്തരമായിരുന്നു ഹുദൂറിന്റെ പ്രഭാഷണം. ഇസ്‌ലാമിലെ അടിസ്ഥാനപരമായ അധ്യാപനങ്ങൾ വളരെ നല്ല നിലയിൽ അദ്ദേഹം സമർപ്പിച്ചു. സ്വന്തം മതത്തെ കുറിച്ച് എന്നെ വീണ്ടും ഓർമിപ്പിച്ച അദ്ദേഹത്തിന് ഞാൻ നന്ദി പറയുന്നു. അതിലെ അധ്യാപനത്തിന്റെ യഥാർഥ ആത്മാവ് എന്നിൽ വീണ്ടും അദ്ദേഹം പ്രകാശിതമാക്കി.

✷ ഒരു സ്നേഹിതൻ പറയുന്നു: ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖം വളരെ മനോഹരമായി തോന്നി. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഹുദൂർ ഒരു ശാന്തസ്വരൂപനായ വ്യക്തിയാണെന്ന് അത് വെളിവാക്കുന്നുണ്ടായിരുന്നു. ഇസ്‌ലാമും സമാധാനവും ഒരേ കാര്യമാണ്. ഇവ രണ്ടിലും ഒരു വ്യത്യാസവുമില്ല.

✷ ഒരു അനഹ്മദി വനിത പറയുന്നു: ഹുദൂർ അൻവർ വളരെ കാരുണ്യഹൃദയനും മൃദുല ഭാഷയുടെ ഉടമയുമാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ സ്വാധീനം സൃഷ്ടിക്കുന്നതാണ്. വർത്തമാന കാലത്തെ കുറിച്ച് സവിശേഷമായ നിലയിൽ ഇതിൽ സൂചിപ്പിച്ചതുകൊണ്ട് പ്രത്യേകിച്ചും!

✷ ബോസ്നിയയിൽനിന്നു വന്ന സെഫർ സിഗാൽ(Sefer Bzigal) സാഹിബ് തന്റെ മകളോടൊപ്പം ജൽസയിൽ പങ്കുകൊണ്ടു. അദ്ദേഹം പറയുന്നു: ഹുദൂർ ദൈവത്തിന്റെ ദാസനാണ്. അദ്ദേഹം എന്റെ വിശ്വാസത്തിന് ശക്തി പകർന്നിരിക്കുന്നു. ഇന്ന് ലോകത്തിന് വാഗ്ദത്ത മസീഹിന്റെ ആവശ്യകതയുണ്ട്. ഹുദൂർ നല്കിയ സന്ദേശങ്ങൾ ലോകത്തിലെ ഓരോ വ്യക്തിക്കും വേണ്ടിയുള്ളതാണ്. തീവ്രവാദത്തിന് തികച്ചും വിരുദ്ധമാണ്. ഇന്ന് ഹുദൂർ പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സുസ്ഥിരമാകും.

✷ ഒരു ക്രിസ്തീയ അധ്യാപകൻ എഡിത്ത് ഫെയിക് (Edith Feike)പറയുന്നു: ഹുദൂറിന്റെ വ്യക്തിത്വത്തിൽ ഞാൻ വളരെ ആകർഷിതനാണ്. എന്റെ ഹൃത്തിടത്തിൽ അദ്ദേഹത്തിനോട് ആദരവുണ്ട്. അദ്ദേഹം അനിവാര്യമായും സംരക്ഷിക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ്. ലോകത്തെ ഇതര പ്രസിദ്ധരായ വ്യക്തികളെ പോലെ പ്രസിദ്ധിയെ കുറിച്ചുള്ള ചിന്തയൊന്നുമില്ലാത്ത വ്യക്തിയാണെന്ന് മനസ്സിലാകുന്നു. പോപ്പിനെ നോക്കിയാൽ പ്രസിദ്ധികൊണ്ട് ആനന്ദമനുഭവിക്കുന്നു. എന്നാൽ, കാലത്തിന്റെ ഖലീഫയിൽ ഇത് കാണപ്പെടുന്നില്ല. സ്ത്രീകളേയും ഹുദൂർ അഭിസംബോധന ചെയ്തു. സ്ത്രീകളെ കുറിച്ചും അദ്ദേഹത്തിന് വിചാരമുണ്ടെന്ന് ഇതിൽനിന്നു മനസ്സിലാകുന്നു. അവരുടെ ക്ഷേമത്തെ കുറിച്ച് ചിന്തയുണ്ട്. ഓരോ സ്ത്രീയും അനിവാര്യമായും സംരക്ഷിക്കേണ്ട മൂല്യങ്ങൾ അവർക്ക് പഠിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ സന്ദേശ പ്രചാരണ പ്രഭാഷണവും വളരെ മികച്ചതായിരുന്നു. മാധ്യമങ്ങളിലൂടെ വെളിപ്പെടുന്ന ഇസ്‌ലാം യഥാർഥമല്ലെന്ന് ഇന്നെനിക്ക് നന്നായി മനസ്സിലായി. ഒടുവിൽ ചെയ്ത പ്രാർഥനയും വളരെ നല്ലതായിതോന്നി. ഞാനും എന്റേതായ രൂപത്തിൽ ദുആ ചെയ്തു.

✷ ഒരു സ്നേഹിതൻ പറയുന്നു: ഹുദൂർ സമാധാനകാംക്ഷിയായ ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഹൃദയ വിശാലതയും അറിവിന്റെ വ്യാപ്തിയും എനിക്കിഷ്ടമായി. പരസ്പരം നിലനിറുത്തേണ്ട സഹവർത്തിത്വത്തെ കുറിച്ചുള്ള ഖലീഫയുടെ പ്രഭാഷണഭാഗം നല്ലതായി തോന്നി. കേവലം അറിവ് പകരുക മാത്രം ചെയ്യാതെ അതിനെ അദ്ദേഹം നടപ്പിലാക്കുന്നു എന്നതും വളരെ നല്ലതായി തോന്നി.

✷ ഒരതിഥി ആൻഡ്രിയാസ് വിന്റർഹാൾഡർ (Andreas Winterhalder) സാഹിബ് പറയുന്നു: ഹുദൂറിന്റെ വ്യക്തിത്വം അനുഗൃഹീതമാണ്. മറ്റുള്ളവരെപോലെ സ്വന്തത്തെ ലാക്കാക്കിയുള്ള ചിന്ത അദ്ദേഹം സംസാരിക്കുമ്പോൾ ഉണ്ടാകാറില്ല. മറിച്ച് സംസാരിക്കുന്ന കാര്യം എന്തോ അത് തന്നെയാണ് ലക്ഷ്യം. അദ്ദേഹത്തിന്റെ വ്യക്തിത്വം നിർമലവും ശാന്തപൂർണവും സമാധാനഭരിതവുമാണ്. സമൂഹത്തിൽ സമാധാനാവസ്ഥ പുലരേണ്ടത് അനിവാര്യമാണെന്ന അദ്ദേഹത്തിന്റെ സന്ദേശം നന്നായി തോന്നി. ചില മുസ്‌ലിമീങ്ങളുടെ മോശമായ പ്രവർത്തികൾ കാരണത്താൽ എല്ലാ മുസ്‌ലിമീങ്ങളേയും മോശമെന്ന് കരുതരുത്.

✷ ഫ്രാൻസിൽ നിന്നു വന്ന പുതിയ അഹ്മദി ആൻലി അൻഫെയ്ൻ(Anly Anfane) സാഹിബ് ജൽസ സാലാന ജർമനിയിൽ പങ്കെടുക്കാനെത്തിയിരുന്നു. ഇദ്ദേഹം ഖുംറോസ് ദ്വീപ് വാസിയാണ്. മൂന്ന് ആഴ്ച മുമ്പേയാണ് ഇദ്ദേഹം ബയ്അത്ത് ചെയ്തത്.

അദ്ദേഹം പറയുന്നു: ബയ്അത്ത് ചെയ്യുന്നതിനു മുമ്പേ, ഞാൻ മുസ്‌ലിമായിരുന്നു. എന്നാൽ, സ്ഥൈര്യം കിട്ടിയിരുന്നില്ല. ഹുദൂറിന്റെ പിന്നിൽ ഇന്നലെ ജുമുഅ നിർവഹിച്ചപ്പോൾ എനിക്ക് വളരെ ആനന്ദം തോന്നി. ജീവിതത്തിൽ ആദ്യമായി നമസ്കാരത്തിൽ കരച്ചിൽ വന്നു. ജമാഅത്തിൽ പ്രവേശിക്കുന്നതിനു മുമ്പേ എന്റെ എല്ലാ പ്രവർത്തനങ്ങളും കുടുങ്ങി കിടക്കുകയായിരുന്നു. എന്നാൽ, അഹ്മദിയായതു മുതൽ എന്റെ എല്ലാ കാര്യങ്ങളും സരളമായി. ദൈനംദിനം ഉന്നതനായ ദൈവത്തിന്റെ അടയാളങ്ങൾ ദർശിക്കുന്നു.

അഹ്മദിയായതിനുശേഷം ശാന്തിയും മനഃ സമാധാനവും ഞാൻ അനുഭവിക്കുന്നു. ജൽസയുടെ ചുറ്റുപാട് വളരെ ഇഷ്ടമായി. പ്രവർത്തനവുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടായിരുന്നു. എന്നാൽ, ബയ്അത്ത് ചെയ്തതു മുതൽ ഏതാനും നാളുകൾക്കുശേഷം അനായാസാവസ്ഥ സംജാതമാകാൻ തുടങ്ങി. ഇവിടെ വരുന്നതിനുമുമ്പേ ഒരു ജോലിക്കുള്ള അവസരം ലഭിച്ചു.

ഇപ്പോൾ ജൽസയിൽ വന്നപ്പോൾ ഞാൻ വിസ്മയത്തിലാണ്. ഇത്രയധികം പേര് ഒരേ സ്ഥലത്ത് അച്ചടക്കത്തോടെ ഒരുമിച്ചിരിക്കുന്നു. ഒരു തരത്തിലുമുള്ള തർക്കവിതർക്കങ്ങളുമില്ല. ഒരുവിധ ഒച്ചപ്പാടും ബഹളവുമില്ല.

**2015 ജൂൺ 06 ശനിയാഴ്ച:**

തുർക്കി, സ്ലോവേനിയ, അറേബ്യൻ രാജ്യങ്ങളിൽനിന്നു വന്ന സംഘങ്ങൾ ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. 08.00 മണിക്ക് ഹുദൂർ കൂടിക്കാഴ്ചാ വേദിയിൽ വന്നു. കൂടിക്കാഴ്ചകൾ ആരംഭിച്ചു.

**തുർക് സംഘവുമായുള്ള കൂടിക്കാഴ്ച**

ഈ വർഷം സ്ത്രീ-പുരുഷന്മാരുടെ 46 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുക്കാനെത്തിയത്. ഹുദൂർ കൂടിക്കാഴ്ചയുടെ തുടക്കത്തിൽ സംഘാംഗങ്ങളുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. എല്ലാവരും ഇന്ന് കൂടിക്കാഴ്ച നടത്താൻ സാധിച്ചതിലുള്ള അതിരറ്റ സന്തോഷം ഹുദൂറിനോടു പ്രകടിപ്പിച്ചു. ജൽസയിലെ അച്ചടക്കവും കൃത്യമായ സംവിധാനവും പ്രത്യക്ഷ ഐക്യവും സാഹോദര്യവും അവർ കൃതജ്ഞതയോടെ സ്മരിച്ചു.

✷ ഒരു അഹ്മദീ സ്നേഹിതൻ: ഹുദൂർ എനിക്ക് അങ്ങയോട് സ്നേഹമുണ്ട്.

ഹുദൂർ: എനിക്കും നിങ്ങളോട് സ്നേഹമുണ്ട്.

✷ ഒരതിഥിയുടെ ചോദ്യത്തോടു പ്രതികരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: മുസ്‌ലിമീങ്ങളിൽ ധാരാളമായി ഗ്രൂപ്പുകളുണ്ടാകുമെന്ന് നബി(സ) തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. അവസാന കാലത്ത് വാഗ്ദത്ത മഹ്ദിയും മസീഹും വരുമെന്നും നബി(സ)തിരുമേനി സുവാർത്ത നല്കിയിരുന്നു. എല്ലാ മുസ്‌ലിമീങ്ങളും പ്രസ്തുത മഹ്ദീ മസീഹിന്റെ വരവ് പ്രതീക്ഷിക്കുന്നുമുണ്ട്. നബി(സ)തിരുമേനി സുവാർത്ത നല്കിയ മഹ്ദീ മസീഹ് വന്നു എന്ന് നമ്മൾ അഹ്മദിയ്യ ജമാഅത്ത് വിശ്വസിക്കുന്നു. നമ്മൾ അദ്ദേഹത്തെ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) എല്ലാ മതങ്ങളേയും ഒരു കൈയിൽ ഒരുമിപ്പിക്കാനാണ് നിയോഗിതനായത്. ഒറ്റ സമുദായം ആക്കാനാണ് വന്നത്. ആ മഹാത്മാവിന്റെ നിര്യാണത്തിനുശേഷം ഖിലാഫത്ത് സംവിധാനത്തിന് തുടക്കമായി. അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെ എണ്ണം തുടർച്ചയായി വർധിച്ചു വന്നു. ഇന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിന് മുസ്‌ലിമീങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നു. നമ്മുടെ എണ്ണം തുടർച്ചയായി വർധിക്കുന്നു.

ഒരു തുർക്ക് അഹ്മദി: ഞങ്ങൾ തുർക്ക് അഹ്മദികളെല്ലാവരും അങ്ങയെ സ്നേഹിക്കുന്നു. 10,15 വർഷം മുമ്പേ കേവലം മൂന്നോ നാലോ തുർക്ക് അഹ്മദികളാണ് കാണപ്പെട്ടിരുന്നത്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ അഹ്മദികളുടെ വളരെ വലിയൊരു സംഘമുണ്ട്. തുർക്കിയിലും ജമാഅത്ത് സത്വരം വളരാൻവേണ്ടി ദുആ ചെയ്താലും.

ഹുദൂർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇനി ഈ പ്രവർത്തി നിങ്ങളാണ് ചെയ്യേണ്ടത്.

ഒരു യുവ വിദ്യാർഥി: എന്റെ പരീക്ഷയിൽ വിജയത്തിനു ദുആ ചെയ്താലും.

ഹുദൂർ: അല്ലാഹു വിജയം നല്കുമാറാകട്ടെ. അല്ലാഹു നിങ്ങൾക്ക് വിജയം തരും.

തന്റെ മാതാവിന്റെ രോഗത്തെ കുറിച്ച് സൂചിപ്പിച്ച് ഒരു വ്യക്തി ദുആക്കപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഒരതിഥി: ജൽസാ വേളയിൽ ഹുദൂറിന്റെ തിരക്ക് കണ്ടു. ഇത്രയധികം ഭാരം ഹുദൂർ എങ്ങനെയാണ് വഹിക്കുന്നത്.

ഹുദൂർ: അല്ലാഹു ഉത്തരവാദിത്വം തന്നിരിക്കുമ്പോൾ അവൻ സഹായിക്കുകയും ചെയ്യുന്നു. അല്ലാഹു അവന്റെ സഹായത്തിന്റെ കൈ വിശാലമാക്കി തന്നു കൊണ്ടിരിക്കാൻ ദുആ ചെയ്യുക. നിങ്ങളും ഈ ദുആ ചെയ്യേണ്ടതുണ്ട്.

ഒരു പുതിയ അഹ്മദി: ദൈവാനുഗ്രഹത്താൽ 6 മാസം മുമ്പേ എനിക്ക് അഹ്മദി ആകാൻ കഴിഞ്ഞു. ഹുദൂറിനെ കാണുന്ന ഈ സമയം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 11 May 2023 Issue-19

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

എന്റെ അവസ്ഥ വളരെ വൈകാരികമാണ്. ഖലീഫത്തുൽ മസീഹിനെ സ്വപ്നത്തിലെങ്കിലും കാണാൻവേണ്ടി തുടിക്കുന്ന പല മില്യൺ കണക്കിന് അഹ്മദികൾ ലോകത്തുണ്ട്. എന്നാൽ, ഞങ്ങൾ എത്ര സൗഭാഗ്യവാന്മാരാണ്. ഹുദൂറിന്റെ തിരുസന്നിധിയിൽ ഇരിക്കാൻ കഴിയുന്നു. എന്റെ മൂന്ന് മക്കളുടെ കുട്ടികൾ അഹ്മദികളല്ല. ഇവർ എന്നോടൊപ്പം വന്നിട്ടുണ്ട്. അവർക്കും കുടുംബത്തിലെ എല്ലാവർക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു തുണ നൽകാൻ ദുആ ചെയ്താലും.

ഒരു അതിഥി: നമ്മുടേയും അനഹ്മദികളുടേയും ഇടയിൽ ഏകാഭിപ്രായങ്ങളുള്ള ധാരാളം കാര്യങ്ങളുണ്ട്. എന്നാൽ, നമ്മുടെ എതിരാളികൾ ഭിന്നതയുള്ള വിഷയങ്ങളെ കൂടുതൽ ഊതിവീർപ്പിക്കുന്നു. ഈ വിടവ് എങ്ങനെ കുറക്കാൻ സാധിക്കും.

ഹുദൂർ: നമുക്കിടയിൽ ഏകാഭിപ്രായങ്ങളുള്ള കാര്യങ്ങളിലേക്ക് വരാൻ ആഹ്വാനം ചെയ്യുക. ഐക്യപ്പെടുക. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇതേ അടിസ്ഥാനകാര്യമാണ് വിശദമാക്കുന്നത്. തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും

(നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ സമ്മിശ്രമായിട്ടുള്ള ഒരു കാര്യത്തിൽ വരിക)

ഗ്രന്ഥാനുസാരികൾക്കിടയിൽ ഈ അടിസ്ഥാനകാര്യങ്ങൾക്കനുസരിച്ച് പ്രവർത്തനം സാധ്യമാണെങ്കിൽ മുസ്‌ലിമീങ്ങളോടൊപ്പം ഇതെന്തുകൊണ്ട് സാധ്യമാകുന്നില്ല. ഇക്കാലഘട്ടത്തിൽ മനുഷ്യത്വം വളരെ അനിവാര്യമാണ്. മാനുഷികമൂല്യങ്ങളെ സുസ്ഥാപിതമാക്കേണ്ടത് അനിവാര്യമാണ്. എല്ലാവരേയും ഇതിൽ ഒരുമിപ്പിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അധിക കല്പനകളും മാനുഷികമൂല്യങ്ങളെ സ്ഥാപിക്കുന്നതാണ്. മതങ്ങൾ പിന്നീടുള്ള കാര്യമാണ്. ഇതരർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കലാണ് താങ്കളുടെ ദൗത്യം. എതിർക്കുന്നവർ അത് ചെയ്തുകൊണ്ടിരിക്കും.

ഒരു ചോദ്യത്തോട് പ്രതികരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: പാക്കിസ്താനിൽ മുല്ലാക്കളുടെ ഭാഗത്തു നിന്നു എതിർപ്പുണ്ട്. അവർ കാര്യങ്ങൾ കേൾക്കാനാഗ്രഹിക്കുന്നില്ല. എന്നാൽ, ആഫ്രിക്കയിൽ പണ്ഡിതന്മാർ കാര്യങ്ങൾ കേൾക്കുന്നു. യാഥാർഥ്യം മനസ്സിലാക്കുമ്പോൾ സ്വീകരിക്കുന്നു. തന്റെ അനുയായികളോടൊപ്പം അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. നേർമാർഗം നല്കാൻ ആഗ്രഹിക്കുന്നവർക്ക് അല്ലാഹു അത് നല്കുന്നു. മുദ്ര വെക്കപ്പെട്ടവർക്ക് നേർമാർഗം എങ്ങനെ കിട്ടാനാണ്?

കൂടിക്കാഴ്ചക്കുശേഷം തുർക്കിയിൽനിന്നു വന്ന അതിഥികൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചു.

✸ ഒരു അതിഥി ഹസ്സൻ ഒഡാബാസി സാഹിബ് (Hassan Odabasi)പറയുന്നു: ഹുദൂർ വന്നപ്പോൾ മുറി പ്രശോഭിതമായി മാറിയെന്ന് ഞാൻ കണ്ടു. അതു മുഖേന ഞങ്ങളുടെ ഹൃദയങ്ങളിൽ ശാന്തി ഇറങ്ങി. ആത്മാർഥ സ്നേഹത്തോടെ അദ്ദേഹം ഞങ്ങളെ വരവേറ്റു. ഞങ്ങളുടെ ഓരോ ചോദ്യങ്ങൾക്കും മറുപടി നല്കി. സ്വീകാര്യയോഗ്യമായ അദ്ദേഹത്തിന്റെ ദുആകളിൽ ഞങ്ങളും പങ്കുകൊണ്ടു. ഞങ്ങൾക്കെല്ലാവർക്കുവേണ്ടിയും തുർക്കി ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടിയും അദ്ദേഹം ദുആ ചെയ്തു.

✸ കരീം മഹ്മൂദ് സാഹിബ്(Karim Mahmud) പറയുന്നു: ജീവിതത്തിലാദ്യമായി ഇത്ര അടുത്തു വെച്ച് പ്രിയപ്പെട്ട ഇമാമിനെ കാണാൻ അവസരം ലഭിച്ചു. ഈ കൂടിക്കാഴ്ചയുടെ ഓരോ സ്പന്ദനവും എന്റെയുള്ളിൽ ആവേശജനകമായ അവസ്ഥ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഓരോ വ്യക്തിയുടെ താൽപര്യത്തിനനുസരിച്ച് ഹുദൂർ നല്കിയ മറുപടിയുടെ സുഖം അത് തനതായ ഒന്നായിരുന്നു.

✸ ഈ സംഘത്തിൽ 12 വയസ്സുള്ള ഒരു അമുസ്‌ലിം ആൺകുട്ടിയുമുണ്ടായിരുന്നു. ആ കുട്ടി പറയുന്നു: ‘ഹുദൂറിന്റെ അനുഗൃഹീത തിരുമുഖം ദർശിച്ചപ്പോൾ നിറഞ്ഞ സന്തോഷത്താൽ എന്റെ ഹൃദയസ്പന്ദനം വേഗത്തിലായി. ഞാനിന്ന് വളരെ സന്തോഷവാനാണ്.

ഒരു അഹ്മദി സ്നേഹിതൻ ഒഗുൻ സെൻ(Ogun Sen) പറയുന്നു: ഹുദൂർ അൻവറുമായുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയാണിത്. ഇതിന്റെ സൗന്ദര്യം വിശദീകരിക്കാൻ ഞാൻ അശക്തനാണ്.

✸ ഒരു അനഹ്മദീ സ്നേഹിതൻ സെൻ ഉത്തേബെ(Cen Utebey) സാഹിബ് പറയുന്നു: ഈ കൂടിക്കാഴ്ച എന്നെ സംബന്ധിച്ചിടത്തോളം അവിശ്വസനീയമാണ്; വിവരണാതീതവും. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഒരു കാന്തിക ശക്തി നിലനില്ക്കുന്നു.

✸ ഒരു അനഹ്മദി അതിഥി അബ്ദുല്ലാഹ് (abdullah) സാഹിബ് പറയുന്നു: ഖലീഫയുമായുള്ള കൂടിക്കാഴ്ച മുഖേന എനിക്ക് മനഃശ്ശാന്തി ലഭിച്ചു. ആത്മീയതയുടെ കിരണങ്ങൾ ഈ അന്തരീക്ഷത്തിൽ അലയടിക്കുന്നതായി എനിക്ക് കാണാൻ കഴിഞ്ഞു.

✸ ഒരു അതിഥി എർടേകിന് സാഹിബ്(Ertekin) പറയുന്നു: ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചയുടെ അവസ്ഥകൾ വിവരിക്കാൻ എനിക്കു വാക്കുകളില്ല. കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യം സ്നേഹവും മനഃശ്ശാന്തിയും പകരുന്നതാണ്.

✸ ഒരു വനിതാ അതിഥി ഗുൽ ദാസ്താൻ സാഹിബ പറയുന്നു: അദ്ദേഹത്തിന്റെ അനുഗൃഹീത വ്യക്തിത്വം അദ്ദേഹത്തിന്റെ പേരുപോലെതന്നെ തോന്നി. അദ്ദേഹത്തിന്റെ മുഖകമലം മനുഷ്യന് സന്തോഷവും ശാന്തിയും നല്കുന്നതാണ്.

✸ സാറാ യോർ ലു (Sara Yorlu) സാഹിബ പറയുന്നു: അദ്ദേഹത്തിന്റെ വ്യക്തിത്വം വാത്സല്യഭരിതമാണെന്ന് എനിക്ക് തോന്നി. വളരെ സ്നേഹത്തോടെ എന്റെ ഓരോ ചോദ്യത്തിനും ഹുദൂർ അൻവർ മറുപടി നല്കി. ഇത്ര ഉന്നത സ്ഥാനീയനായിട്ടും ഹുദൂർ അൻവർ നമുക്ക് അത്രയധികം സമയവും ശ്രദ്ധയും നല്കി.

✸ എസ്റാ(Esra) സാഹിബ പറയുന്നു: ഹുദൂറിന്റെ സാന്നിധ്യത്തിൽ ഞാൻ സ്വയം എന്നെ മറ്റൊരു ലോകത്തിരിക്കുന്നതായി മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം ആദരയുക്തമായ ഗാംഭീര്യം ഉളവാക്കുന്നതാണ്.

✸ ഒരു മഹിള ഐബെൻ സാഹിബ(Ayben) പറയുന്നു: ഈ കൂടിക്കാഴ്ചയിലെ ഓരോന്നും വളരെയധികം പ്രിയങ്കരമായിരുന്നു. ഈ കൂടിക്കാഴ്ചയിൽ ഞങ്ങളുടെ സഹോദരൻ ഹാസൻ ഒഡാബാസ് (Hasan Odabas) എഴുന്നേറ്റ് ഹുദൂറിനോട് പറഞ്ഞു: ‘തുർക്കിയിലെ അഹ്മദികളായ ഞങ്ങളെല്ലാവരും അങ്ങയെ സ്നേഹിക്കുന്നു.’ ഇതു കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി. കാരണം, അദ്ദേഹം തുർക്കിയിലെ ഓരോ അഹ്മദിയുടേയും ഹൃദയത്തിന്റെ വാക്കുകളാണ് പ്രദർശിപ്പിച്ചത്. ഇത്രയധികം തുർക്ക് അഹ്മദികളെ ഒരു സ്ഥലത്ത് കണ്ടതിലും എനിക്ക് വളരെ സന്തോഷമുണ്ടായി.

✸ ഒരു തുർക്ക് സ്ത്രീ അക്കാന(Akcana) സാഹിബ പറയുന്നു: ഇത്രയധികം മികവുറ്റ സംവിധാനം കണ്ടപ്പോൾ മനുഷ്യന്റെയുള്ളിൽ ഒരു സംശയവും ചോദ്യവുമുയരുന്നു. യഥാർഥത്തിൽ ഈ സംവിധാനം ദൈവത്തിന്റെ ഭാഗത്തു നിന്നു തന്നെയല്ലേ?

തുർക്ക് അഹ്മദികളുടെ ഈ കൂടിക്കാഴ്ച രാത്രി 08.30 വരെ നീണ്ടുനിന്നു. കൂടിക്കാഴ്ചയുടെ ഒടുവിൽ എല്ലാ അംഗങ്ങളും അവരവരുടെ കുടുംബത്തോടൊപ്പം ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. സംഘാംഗങ്ങൾ വികാരാവേശത്താൽ ഹുദൂറിന്റെ കൈകൾ മുത്തിക്കൊണ്ടിരുന്നു. ഹുദൂർ വാത്സല്യപൂർവം അംഗങ്ങൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

**സ്ലോവേനിയ(Slovenia)സംഘം ഹുദൂറിനെ കാണുന്നു.**

സ്ലോവേനിയ(Slovenia) രാജ്യത്തു നിന്നു 4 ആളുകളടങ്ങുന്ന സംഘമാണ് വന്നത്.

**(തുടരും)**

**ത്വാലിബെ ദുആ**

**‘അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.’(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732**

**• അല്ലാഹുവിന്റെ കലാം: •**

**“ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.”**

**(വിശുദ്ധ ഖുർആൻ 3:148)**

**ത്വാലിബെ ദുആ: T.A. SUDHEER**
**AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin